പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപത്തിമൂന്നാമത് റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ്
ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31-ന്
അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ
4.3 മുതൽ 4.8 വരെയുള്ള ഖണ്ഡികകളുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

298/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I: പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 25 |
| അനുബന്ധം II: ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ നൽകിയ മറുപടി | .. | 32 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹിദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അറുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.8 വരെയുള്ള ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്.ജി.എസ്.എ.)- നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

## കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.3, 4.4, 4.5, 4.6, 4.7, 4.8 എന്നിവയുടെ അടിസ്ഥാനത്തിലുള്ളത്

ഓഡിറ്റ് ഖണ്ഡിക

**മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഒഴിവാക്കാമായിരുന്ന ചെലവ്**

**ആവശ്യമായ ഫണ്ട് വകയിരുത്തുകയോ, ബജറ്റ് സഹായമോ ഇല്ലാതെ തിടനാട് ഗ്രാമപഞ്ചായത്ത് ഒരു മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏറ്റെടുത്തതിന്റെ ഫലമായി 22.20 ലക്ഷം രൂപ പലിശയും പിഴപ്പലിശയുമായി ലോൺ തിരിച്ചടയ്ക്കാൻ വൈകിയതിന് ചെലവായി.**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക അനുസരിച്ച് സർക്കാർ വിട്ടുകൊടുത്തതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഓഫീസ് കെട്ടിടനിർമ്മാണം, പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ ചുമതലയാണ്. ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം സാധാരണയായി ഏറ്റെടുക്കുന്നത് സംസ്ഥാന സർക്കാരിന്റെ ബജറ്റ് സഹായം സ്വീകരിച്ചുകൊണ്ടോ, അല്ലാത്തപക്ഷം തനത് ഫണ്ട് വിനിയോഗിച്ചുകൊണ്ടോ ആണ്. ഒരു പഞ്ചായത്തിന് പഞ്ചായത്ത് രാജ് നിയമത്തിലെയോ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരം ഏതെല്ലാം ലക്ഷ്യങ്ങൾക്ക് വേണ്ടിയാണോ പഞ്ചായത്ത് ഫണ്ടുകൾ വിനിയോഗിക്കാവുന്നത്, അതിലേക്കായി ഏതെങ്കിലും തുക കടം വാങ്ങുമ്പോൾ പഞ്ചായത്തിന്റെ സ്വത്തുക്കൾ പ്രതിഫലദായകമായ വികസന പദ്ധതികൾക്ക് വിനിയോഗിക്കുവാൻ വേണ്ടിയല്ലാതെ പണയപ്പെടുത്തുവാൻ പാടില്ല എന്ന് ഇതേ നിയമത്തിലെ 197(1) വകുപ്പ് നിർദ്ദേശിക്കുന്നു.

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്ത് കൊണ്ടൂർ വില്ലേജിൽ 7.93 ലക്ഷം രൂപ അടങ്കലിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പ്രതിഫലദായക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 12.5 ശതമാനം പലിശയുള്ള ലോൺ ഉപയോഗപ്പെടുത്തി നിർമ്മിക്കുവാൻ 1991 ഏപ്രിലിൽ കേരള സംസ്ഥാന ഗ്രാമവികസന ബോർഡുമായി (കെ.എസ്.ആർ.ഡി.ബി.) കരാറിൽ ഏർപ്പെട്ടു. കരാറിലെ വ്യവസ്ഥകൾ പ്രകാരം കെട്ടിട നിർമ്മാണത്തിന് ലഭ്യമാകുന്ന ലോൺ പലിശസഹിതം നിർമ്മാണം തുടങ്ങി ഒരു വർഷം തികയുന്നമുറയ്ക്ക് 24 അർദ്ധവാർഷിക തവണകളായി പഞ്ചായത്ത് തിരിച്ചടയ്ക്കേണ്ടതും വീഴ്ച വരുത്തുന്നപക്ഷം കരാറിൽ വിഭാവനം ചെയ്തിട്ടുള്ള പിഴ വ്യവസ്ഥകൾ നേരിടേണ്ടതുമായിരുന്നു. 1991 ഏപ്രിലിൽ കെ.എസ്.ആർ.ഡി.ബി.ക്ക് നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ കെട്ടിടത്തിൽനിന്ന് പ്രതീക്ഷിക്കുന്ന വാർഷിക വരുമാനം, അടങ്കൽ തുകയുടെ 12.5 ശതമാനമായ 0.99 ലക്ഷം രൂപയായിരിക്കുമെന്ന് പഞ്ചായത്ത് അവകാശപ്പെട്ടിരുന്നു.

1995 മാർച്ചിനും 2005 സെപ്റ്റംബറിനും ഇടയിലായി 22 അർദ്ധവാർഷിക തവണകളായി 12.94 ലക്ഷം രൂപ മുതലും 10.26 ലക്ഷം രൂപ പലിശയുമുൾപ്പെടെ 23.20 ലക്ഷം രൂപ പഞ്ചായത്ത് അടയ്ക്കേണ്ടതുണ്ടായിരുന്നു. 1999 മാർച്ച് വരെ ആകെ 11.12 ലക്ഷം രൂപ പഞ്ചായത്ത് കെ.എസ്.ആർ.ഡി.ബി.യിൽ അടയ്ക്കുകയും അതിനുശേഷം തവണകൾ വീഴ്ചവരുത്തുകയും ചെയ്യുകയുണ്ടായി. ബാക്കി വന്നിരുന്ന 12.15 ലക്ഷം രൂപയുടെ മുതലും 11.87 ലക്ഷം രൂപയുടെ പലിശയും പിഴപ്പലിശയുമടക്കം മൊത്തം 24.02 ലക്ഷം രൂപ വസൂലാക്കാനായി 2003 ആഗസ്റ്റിൽ കെ.എസ്.ആർ.ഡി.ബി. ജപ്തി നടപടികൾ തുടങ്ങിവച്ചതിനേത്തുടർന്ന് പഞ്ചായത്ത് ബാക്കി തുക തിരിച്ചടയ്ക്കുവാൻ തുടങ്ങി. 2008 ഒക്ടോബർ വരെ പഞ്ചായത്ത് 27.12 ലക്ഷം രൂപ തിരിച്ചടച്ചു. 8.02 ലക്ഷം രൂപ അപ്പോഴും തിരിച്ചടയ്ക്കുവാൻ ബാക്കി നിൽക്കുന്നുണ്ടായിരുന്നു. ഇപ്രകാരം 7.93 ലക്ഷം രൂപയുടെ അടങ്കൽ ചെലവിന്റെ സ്ഥാനത്ത് 35.14 ലക്ഷം രൂപയുടെ ബാധ്യത പഞ്ചായത്തിനുണ്ടായി. ഇതിൽ 22.20 ലക്ഷം രൂപ പലിശയുടെയും പിഴപ്പലിശയുടെയും രൂപത്തിലായിരുന്നു. കെട്ടിടത്തിൽനിന്ന് യാതൊരു വരുമാനവും ലഭിക്കുന്നില്ലെന്ന് 2008 നവംബറിൽ പഞ്ചായത്ത് അറിയിക്കുകയുണ്ടായി. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൃഷി ഭവൻ, മൃഗാശുപത്രി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്, പബ്ലിക് ലൈബ്രറി-വായനശാല, കുടുംബശ്രീ ഓഫീസ് എന്നിവയും മുകളിലത്തെ നിലയിൽ പഞ്ചായത്ത് ഓഫീസും പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

കേരള പഞ്ചായത്ത് രാജ് നിയമം പ്രതിഫലദായകവികസന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി വായ്പ എടുത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്തിനെ അധികാരപ്പെടുത്തുന്നില്ല. ആയതിനാൽ തിടനാട് ഗ്രാമപഞ്ചായത്തിന്റെ ഈ പ്രവൃത്തി ക്രമരഹിതമാണ്. തനതുഫണ്ടിന്റെ ലഭ്യതയോ, സർക്കാരിന്റെ ബജറ്റ് സഹായമോ പരിഗണിക്കാതെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത പഞ്ചായത്തിന്റെ ഈ നടപടി പലിശ ഇനത്തിൽ ഒഴിവാക്കാമായിരുന്ന 22.20 ലക്ഷം രൂപയുടെ ചെലവ് വരുത്തുകയുണ്ടായി.

ഈ വിഷയം 2008 നവംബറിൽ സർക്കാരിനെ അറിയിച്ചുവെങ്കിലും 2009 മേയ് വരെ മറുപടി ലഭിക്കുകയുണ്ടായില്ല.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.3.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

ഗ്രാമവികസന ബോർഡിൽ നിന്ന് 7.93 ലക്ഷം രൂപ വായ്പയെടുത്ത് പ്രതിഫലദായകമല്ലാത്ത മിനി സിവിൽ സ്റ്റേഷൻ കെട്ടിടനിർമ്മാണം നടത്തുകയും യഥാസമയം വായ്പാതുക തിരിച്ചടയ്ക്കാതെ പലിശയിനത്തിൽ ഒഴിവാക്കാമായിരുന്ന 22.20 ലക്ഷം രൂപ ചെലവ് വരുത്തുകയും ചെയ്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും, 19,53,808 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും ഏകദേശം മൂന്ന് ലക്ഷം രൂപ എഴുതിത്തള്ളിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

2. ഗ്രാമവികസന ബോർഡിന് മിനി സിവിൽ സ്റ്റേഷനുൾപ്പെടെയുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുവാദമുണ്ടായിരുന്ന 1991-ലാണ് ഈ പദ്ധതി ഏറ്റെടുത്തതെന്നും കൃഷി ഭവൻ, ആയുർവേദാശുപത്രി, സാങ്കേതിക വിഭാഗം ഓഫീസ്, വില്ലേജ് ഓഫീസ്, ഗ്രാമവികസന ഓഫീസ്, കുടുംബശ്രീ ഓഫീസുകൾ തുടങ്ങിയവയ്ക്ക് സൗകര്യമൊരുക്കിയിരുന്നെന്നും 1994-ൽ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടെ ഇവയൊക്കെയും പഞ്ചായത്തിന്റെ കീഴിലേക്ക് മാറിയതിനെത്തുടർന്ന് അവയ്ക്ക് വാടക കിട്ടാതായതുകൊണ്ടാണ് ഇതൊരു വരുമാനദായകമല്ലാത്ത പ്രവൃത്തി ആയതെന്നും പഞ്ചായത്ത് വകുപ്പ് ഡയറക്ടർ (ഇൻ-ചാർജ്) വിശദീകരിച്ചു.

3. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുമ്പോൾ എത്ര ലക്ഷം രൂപ പ്രതിവർഷം വാടകയിനത്തിൽ വരുമാനമായി പ്രതീക്ഷിച്ചിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് മൊത്തം മുടക്കുമുതലിന്റെ 12 ശതമാനമാണ് സാധാരണ വാടക വരുമാനമായി പ്രതീക്ഷിക്കുന്നതെന്ന് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ ടൗണിൽ നിന്ന് അകലെയുള്ള കോണ്ടൂർ വില്ലേജ് തെരഞ്ഞെടുത്തതിന്റെയും ടൗണിൽ നിന്നും അകലെയായതുകൊണ്ട് വാടകക്കാരെ കിട്ടിയില്ല എന്ന് പറയുന്നതിന്റെയും കാരണം സമിതി ആരാഞ്ഞു. മിനി സിവിൽ സ്റ്റേഷനു വേണ്ടി പഞ്ചായത്ത് ഏറ്റെടുത്തു നിർമ്മിച്ച കെട്ടിടം വരുമാനദായകമായ പ്രവൃത്തികൾക്കുവേണ്ടി ഉപയോഗിക്കണമായിരുന്നുവെന്ന ഓഡിറ്റ് നിരീക്ഷണത്തിന് പ്രസക്തിയില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

4. വായ്പയെടുക്കുമ്പോൾ എന്തു കാര്യത്തിനാണ് വായ്പയെടുക്കുന്നതെന്നും എത്ര വരുമാനമുണ്ടാകുമെന്നും അതിൽ നിന്ന് എത്ര തിരിച്ചടയ്ക്കുമെന്നും പഞ്ചായത്ത് പറഞ്ഞിരുന്നത് എന്ത് കൊണ്ടാണെന്ന് സമിതി ആരാഞ്ഞു. 1991-ലാണ് ഇത് ആരംഭിക്കുന്നതെന്നും ആ കാലഘട്ടത്തിൽ സർക്കാർ ഓഫീസുകൾക്ക് സ്ഥലം നൽകിയാൽ വാടക കിട്ടുമായിരുന്നുവെന്നും പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നപ്പോൾ പ്രസ്തുത ഓഫീസുകൾ പഞ്ചായത്തിനു കീഴിലായതിനാൽ വാടക ലഭിക്കാതെയായിയെന്നും പഞ്ചായത്ത് വകുപ്പ് ഡയറക്ടർ (ഇൻ-ചാർജ്) അറിയിച്ചു.

5. ചട്ടങ്ങൾക്ക് വിരുദ്ധമായി വായ്പയെടുത്തത് ഉചിതമായില്ല എന്നാണ് ഓഡിറ്റിന്റെ കണ്ടെത്തലെന്നും മിനി സിവിൽ സ്റ്റേഷന്റെ ഒരു ഭാഗം വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടിയാണെന്ന് പറഞ്ഞാണ് വായ്പയെടുത്തതെന്നും അല്ലെങ്കിൽ ആ സ്കീമിൽ വായ്പ കിട്ടില്ലായിരുന്നുവെന്നും മുറികൾ വാടകയ്ക്ക് കൊടുത്ത് ആ വരുമാനംകൊണ്ട് വായ്പ അടയ്ക്കാമെന്ന് പറഞ്ഞ് കണക്കുകൾ കാണിച്ചാണ് വായ്പയെടുത്തതെന്നും സമിതി നിരീക്ഷിച്ചു. എന്നാൽ രേഖാമൂലം സർക്കാർ നേരത്തെ നല്കിയ മറുപടി തെളിവെടുപ്പ് വേളയിൽ നല്കിയ മറുപടിയിൽ നിന്നും വ്യത്യസ്തമാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത നടപടി ഉചിതമല്ലെന്നും പഞ്ചായത്ത്, സർക്കാർ മുഖേന നൽകുന്ന മറുപടിയും സമിതി മുമ്പാകെ നേരിട്ട് നൽകുന്ന മറുപടിയും ഒരു പോലെയാകണമെന്ന് ആവശ്യപ്പെടുകയും ഈ വിഷയത്തിൽ നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതിനാലും വായ്പാ തുക മുഴുവനും അടച്ചുതീർത്തതിനാലും ടി കെട്ടിടത്തിൽ വിവിധ സർക്കാർ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നതിനാലും ഇക്കാര്യത്തിലുള്ള അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**6. കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്ത് പ്രതിഫലദായക പദ്ധതിയിലുൾപ്പെടുത്തിയാണ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 7.93 ലക്ഷം രൂപ കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽ നിന്ന് വായ്പയെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കെട്ടിടത്തിൽ നിന്ന് പ്രതീക്ഷിക്കുന്ന വരുമാനം 99,000 രൂപയാണെന്നായിരുന്നു ഗ്രാമവികസന ബോർഡിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വരുമാനസാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുള്ളത്. കൃഷി ഭവൻ, ആയുർവേദ ആശുപത്രി, സാങ്കേതിക വിഭാഗം ഓഫീസ്, വില്ലേജ് ഓഫീസ്, ഗ്രാമവികസന ഓഫീസ് മുതലായ സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് നല്കുന്നതിലൂടെ ലഭിക്കുന്ന വരുമാനമാണ് ഗ്രാമപഞ്ചായത്ത് പ്രതീക്ഷിച്ചിരുന്നതെങ്കിലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടെ ടി ഓഫീസുകളെല്ലാം പഞ്ചായത്തിന്റെ കീഴിലായതിനെത്തുടർന്ന് വാടക കിട്ടാതായതുകൊണ്ടാണ് വരുമാനദായകമല്ലാതായതെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുന്നു. മിനി സിവിൽ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനെടുത്ത വായ്പാത്തുക പലിശസഹിതം തിരികെ അടയ്ക്കുകയും അവശേഷിച്ച തുക എഴുതിത്തള്ളിയതായും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ക്രമക്കേടുകളെന്തെങ്കിലും സംഭവിച്ചിട്ടുള്ളതായി സമിതി കാണുന്നില്ല. ടി കെട്ടിടത്തിൽ വിവിധ സർക്കാർ ഓഫീസുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നുവെന്നും സമിതിക്ക് ബോദ്ധ്യമാകുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## സ്വകാര്യ വ്യക്തികൾക്ക് ഉദ്ദേശിക്കാത്ത ആനുകൂല്യം

**മാഹി നദിയിലെ മണൽവാരൽ നിയന്ത്രിക്കുന്നതിലും ക്രമീകരിക്കുന്നതിലും ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ വീഴ്ച മണലിന്റെ വില്പനയിൽ നിന്നുള്ള വരുമാനമായ 18 ലക്ഷം രൂപ പിരിച്ചെടുക്കാതിരിക്കുവാനും പരിസ്ഥിതിയുടെ ജൈവവും ഭൂമിശാസ്ത്രപരവുമായ സന്തുലിതാവസ്ഥയ്ക്ക് അപരിഹാര്യമായ നഷ്ടത്തിനുമിടയാക്കി.**

നദീതടങ്ങളിൽ നിന്നും നദീതീരങ്ങളിൽ നിന്നും വൻതോതിലുള്ള മണൽ ഖനനം തടയാനും നദിയുടെ ജൈവവും ഭൂമിശാസ്ത്രപരവുമായ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കുവാനുമായി കേരള സർക്കാർ "കേരള നദീതീരങ്ങളുടെ സംരക്ഷണവും മണൽ വാരൽ ക്രമീകരണങ്ങളും നിയമം, 2001"-ന് രൂപംനൽകി. ഈ നിയമമനുസരിച്ച് ജില്ലാ കളക്ടർ ഓരോ കടവിലേയും മണൽവാരൽ ക്രമീകരിക്കുവാനായി കടവ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്.

നിയമത്തിലെ 12-ാം വകുപ്പുപ്രകാരം മണൽവാരൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പായി ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നൽകുന്ന പാസ്സുകൾ ഖനന ഭൂഗർഭ ശാസ്ത്ര വകുപ്പിൽനിന്നും ഗ്രാമപഞ്ചായത്തുകൾ വാങ്ങിയിരിക്കണം. കടവുകളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നേരിടുവാനായി റിവർ മാനേജ്മെന്റ് ഫണ്ട് എന്ന് വിളിക്കുന്ന ഒരു ഫണ്ട് ജില്ലാ കളക്ടർ സൂക്ഷിക്കേണ്ടതുണ്ട്. നിയമത്തിലെ 17-ാം വകുപ്പുപ്രകാരം കടവുകളോ നദീതീരമോ ഉള്ള ഓരോ ലോക്കൽ അതോറിറ്റിയും മണലിന്റെ വില്പനയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ 50 ശതമാനം റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് സംഭാവന ചെയ്യേണ്ടതാണ്. ഇതേ നിയമത്തിലെ 15-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം മണൽവാരലിന് കടവുള്ള ഓരോ ഗ്രാമപഞ്ചായത്തും കടവുകൾ സുരക്ഷിതമായി സംരക്ഷിക്കേണ്ടതും നദീതീരങ്ങൾ ഇടിയുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി ഫലവത്തായ നടപടികൾ സ്വീകരിച്ച് ജൈവവും ഭൂമിശാസ്ത്രപരവുമായ പരിസ്ഥിതിയുടെ സന്തുലനം ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ നദീതീരത്തേക്ക് വാഹനങ്ങൾ നേരിട്ട് പ്രവേശിക്കുന്നത് തടയുവാൻ പാകത്തിൽ കോൺക്രീറ്റ് തൂണുകൾ ലോക്കൽ അതോറിറ്റികൾ കടവുകളിൽ സ്ഥാപിക്കേണ്ടതുണ്ട്. ഓരോ കടവിലും ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കേണ്ടതും കടവുകളിൽനിന്ന് വാരുന്ന മണലിന്റെ ശരിയായ കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്.

ന്യൂ മാഹി ഗ്രാമപഞ്ചായത്തിലൂടെ മൂന്ന് കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന മാഹി നദിയിൽ മൂന്ന് കടവുകളാണുള്ളത്. നിയമം പ്രാബല്യത്തിൽ വന്നശേഷവും ഗ്രാമപഞ്ചായത്ത് മണൽവാരൽ ക്രമീകരിക്കുവാൻ ഒരു നടപടിയും എടുത്തിരുന്നില്ല. പഞ്ചായത്തിന്റെ അനുമതി കൂടാതെ സ്വകാര്യ വ്യക്തികൾ മാഹി നദിയുടെ തീരങ്ങളിലും നദീമുഖത്തുനിന്നും നിർബ്ബാധം മണൽ ഖനനം ചെയ്തുകൊണ്ടിരുന്നു.

2006 ജനുവരിയിൽ ഗ്രാമപഞ്ചായത്ത് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (സി.ഡബ്ല്യൂ.ആർ.ഡി.എം.)നോട് മാഹി നദിയിലെ മണൽ ഖനനത്തെക്കുറിച്ച് പഠനം നടത്തുവാൻ ആവശ്യപ്പെടുകയുണ്ടായി. നാല് മൺസൂൺ മാസങ്ങൾ ഒഴികെയുള്ള എട്ടുമാസങ്ങളിൽ, പ്രതിമാസം പരമാവധി 375 മിനി ലോറി ലോഡ് മണൽ മൂന്ന് കടവുകളിൽ നിന്നുമായി നീക്കം ചെയ്യുവാൻ കഴിയുമെന്നും ഇതിന്റെ സ്ഥാനത്ത് ഇതേ കാലയളവിൽ സ്വകാര്യ വ്യക്തികൾ 400 മുതൽ 500 വരെ മിനി ലോറി ലോഡ് മണൽ നീക്കം ചെയ്യുന്നുണ്ടെന്നും 2008 മാർച്ചിൽ സി.ഡബ്ല്യൂ.ആർ.ഡി.എം. സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

സി. ഡബ്ല്യൂ. ആർ. ഡി. എം., ലോഡ് ഒന്നിന് 90 രൂപ വച്ച് ഫീസ് ഈടാക്കി ഖനന ഭൂഗർഭ ശാസ്ത്ര വകുപ്പും റിവർ മാനേജ്മെന്റ് ഫണ്ടും ഗ്രാമപഞ്ചായത്തും തുല്യമായി വീതിച്ചെടുക്കുവാൻ ശിപാർശ ചെയ്തിരുന്നു. എന്നാൽ നിയമത്തിന്റെ വ്യവസ്ഥകൾ നടപ്പിലാക്കാത്തതുമൂലം ഗ്രാമപഞ്ചായത്ത് ഫീസ് ഒന്നും പിരിക്കുകയുണ്ടായില്ല.

മാസംപ്രതി കുറഞ്ഞത് 400 ലോറി ലോഡുവച്ച് നിയമം നിലവിൽവന്ന 2002 മേയ് മുതൽ 2008 ഡിസംബർ വരെ 20000 (400 x 50 മാസം) ലോഡ് മണൽ നീക്കം ചെയ്തതായി കണക്കാക്കാം. നിർദ്ദിഷ്ട ഫീസായ 90 രൂപ നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് പ്രതീക്ഷിക്കാതെ ലഭിച്ച ആനുകൂല്യം 18 ലക്ഷം രൂപയാണ്. ഇപ്രകാരം നിയമത്തിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ചമൂലം 18 ലക്ഷം രൂപയുടെ നഷ്ടം ഖനന ഭൂഗർഭ ശാസ്ത്ര വകുപ്പിനും റിവർ മാനേജ്മെന്റ് ഫണ്ടിനും ഗ്രാമപഞ്ചായത്തിനുമുണ്ടായി. എന്നാൽ ഈ നഷ്ടം സ്വകാര്യ വ്യക്തികൾക്ക് ഉദ്ദേശിക്കാത്ത ആനുകൂല്യവുമായിത്തീരുകയും ചെയ്തു.

വകതിരിവില്ലാത്തതും അനിയന്ത്രിതവുമായ മണൽവാരൽ നദീതീരങ്ങളുടെ വൻതോതിലുള്ള തകർച്ചക്ക് ഇടയാക്കുകയും നദിയുടെ ജൈവവും ഭൂമിശാസ്ത്രപരവുമായ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നഷ്ടമാക്കുകയും ചെയ്യുന്നു. റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് ഒരു തുകയും അടയ്ക്കാതിരുന്നതിനാൽ നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരമുള്ള കടവുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നും നടത്തുകയുണ്ടായില്ല.

ഈ വിവരം 2009 ഫെബ്രുവരിയിൽ ചൂണ്ടിക്കാട്ടിയപ്പോൾ, ഗ്രാമപഞ്ചായത്ത് തക്കസമയത്ത് മണൽവാരൽ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുകയോ ജില്ലാ വിദഗ്ദ്ധ സമിതി 2007 ഫെബ്രുവരിയിൽ കടവുകൾ അനുവദിച്ചശേഷം 22 മാസം കഴിഞ്ഞും ലേലംവഴി മണൽ വില്പന നടത്തുകയോ ചെയ്യുകയുണ്ടായില്ല, എന്ന് 2009 ജൂണിൽ സർക്കാർ അറിയിച്ചു. കൂടാതെ, പഞ്ചായത്തിന്റെ ഗവേണിംഗ് ബോഡിയും അതിലെ ഉദ്യോഗസ്ഥൻമാരുമാണ് പഞ്ചായത്തിന്റെ ഇപ്രകാരമുള്ള നഷ്ടത്തിന് ഉത്തരവാദികളെന്നും സർക്കാർ പ്രസ്താവിക്കുകയുണ്ടായി.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.4.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

7. നദീതടങ്ങളിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിനുള്ള 2001-ലെ നിയമം സമയബന്ധിതമായി പ്രാവർത്തികമാക്കാത്തതിനാൽ 2002 മേയ് മുതൽ 2008 ഡിസംബർ വരെ പഞ്ചായത്തിനും സർക്കാരിനും റിവർ മാനേജ്മെന്റ് ഫണ്ടിനും ലഭിക്കേണ്ടിയിരുന്ന 18 ലക്ഷം രൂപ നഷ്ടമായതിനും മണൽ കടത്തിക്കൊണ്ടുപോയി സ്വകാര്യ വ്യക്തികൾ നേട്ടമുണ്ടാക്കിയതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനം നടക്കാതെ പോയതിനും സമിതി വിശദീകരണമാരാഞ്ഞു. ഗ്രാമപഞ്ചായത്ത് 9-1-2005-ന് കടവുകൾ ലേലംചെയ്തുകൊടുക്കുന്നതിനുള്ള അനുവാദത്തിനായി ജില്ലാ കളക്ടർക്ക് അപേക്ഷ കൊടുത്തിരുന്നുവെന്നും, അതുപ്രകാരം ഓരോ കടവിൽ നിന്നും എടുക്കാവുന്ന മണലിന്റെ അളവ് സംബന്ധിച്ച് 17-3-2006-ന് CWRDM-ന്റെ റിപ്പോർട്ടും 28-3-2007-ന് ജില്ലാതല വിദഗ്ദ്ധ സമിതിയുടെ അംഗീകാരവും ലഭിച്ചുവെന്നും കടവുകൾക്ക് ജില്ലാ കളക്ടറിൽ നിന്ന് അംഗീകാരം ലഭിച്ചത് 17-10-2008-നാണെന്നും, അതിനുശേഷം മണൽ അളവ്, വില എന്നിവ നിശ്ചയിച്ച് തരുന്നതിനായി ജില്ലാ കളക്ടറിൽ നിന്ന് 1-1-2009-ന് പഞ്ചായത്തിന് അനുവാദം ലഭിച്ചതായും 5-1-2009 മുതൽ പാസ് മുഖേനയാണ് മണൽ വില്പന നടത്തിവരുന്നതെന്നും ന്യൂ മാഹി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 2009-ന് മുമ്പ് കടവിന് അംഗീകാരം ലഭിച്ചിരുന്നില്ലെന്നും പഞ്ചായത്തിന്റെ അതിർത്തിക്കപ്പുറത്തുള്ള അഴിമുഖത്ത് നിന്നായിരുന്നു മണൽ വാരിയിരുന്നതെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു.

8. 2002-ൽ നിയമം നിലവിൽ വന്നെങ്കിലും കടവ് സമിതി രൂപീകരിക്കുന്നതിന് 2007 വരെയും പാസ് കൊടുത്തു തുടങ്ങാൻ 2009 വരെയും കാലതാമസമുണ്ടായതായി കണ്ടെത്തിയ സമിതി CWRDM-ന്റെ പഠന റിപ്പോർട്ട് പ്രകാരം നദീതടത്തിൽ നിന്നും 20000 ലോഡ് മണൽ കൊണ്ടുപോയിട്ടുണ്ടെന്നും എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടിനോ പഞ്ചായത്തിനോ ഉള്ള തുക ലഭിച്ചില്ലെന്നും നിയമം നിലവിൽ വന്നിട്ട് ആറ് വർഷം വരെ പഞ്ചായത്ത് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ മനഃപൂർവ്വം കാലതാമസം വരുത്തിയെന്നും അനധികൃതമായി മണൽവാരാൻ ഒത്താശ ചെയ്തു കൊടുത്തുവെന്നും സമിതി അഭിപ്രായപ്പെട്ടു. 21-1-2008 മുതൽ മണൽവാരൽ നിരോധിച്ചിരുന്നുവെന്ന് ന്യൂ മാഹി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മണൽ ഖനനത്തിന് പാസ് കൊടുത്ത ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയെപ്പറ്റി സമിതി ആരാഞ്ഞതിന് കളക്ടറേറ്റിൽ തുക അടച്ചാൽ മാത്രമേ പാസ് നൽകുകയുള്ളൂവെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് പഞ്ചായത്ത് തുക നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇ-മണൽ സിസ്റ്റമാണ് ഇപ്പോൾ നിലവിലുള്ളതെന്നും തുക അടയ്ക്കേണ്ടത് കളക്ടറേറ്റിലാണെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ അറിയിച്ചു.

9. അനധികൃത മണൽവാരൽ തടയുന്നതിനായി കൊണ്ടുവന്ന നിയമം യഥാസമയം നടപ്പിലാക്കാതിരുന്നതിന്റെ കാരണം പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കടവുകളുടെ സംരക്ഷണത്തിനുവേണ്ടി കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് കടവിൽ ഒരു സ്ഥലത്ത് തൂൺ സ്ഥാപിച്ചിട്ടുണ്ടെന്നും മറ്റിടങ്ങളിൽ സ്ഥാപിക്കുന്നതിനായി റവന്യൂ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും ന്യൂ മാഹി പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പഞ്ചായത്തിൽ മണൽ ഖനനത്തിന്റെ കണക്കുകൾ സൂക്ഷിച്ചിട്ടുണ്ടെന്ന് തത്സംബന്ധമായ സമിതിയുടെ ചോദ്യത്തിന് സെക്രട്ടറി മറുപടി നൽകി.

10. മണൽ കടത്തിനെ സംബന്ധിച്ച് സമയബന്ധിതമായി അന്വേഷിക്കുകയും ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണമെന്ന് നിർദ്ദേശിച്ച സമിതി ഇത് ആവർത്തിക്കാതിരിക്കാൻ മാതൃകാപരമായ നടപടികളുണ്ടാകണമെന്നും കൂട്ടിച്ചേർത്തു. പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**11. 2002-ൽ നിയമം നിലവിൽ വന്നെങ്കിലും കടവ് സമിതി രൂപീകരിക്കുന്നത് 2007-ലും പാസ് കൊടുത്ത് തുടങ്ങുന്നത് 2009-ലും മാത്രമാണെന്ന് സമിതി നിരീക്ഷിക്കുന്നു. നിയമം നിലവിൽവന്ന് അത് പ്രാവർത്തികമാക്കാൻ 7 വർഷത്തെ കാലതാമസമുണ്ടായതായി ഇതിൽ നിന്നും വ്യക്തമാകുന്നു. CWRDM-ന്റെ പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത കാലയളവിൽ നദീതടത്തിൽ നിന്നും 20000 ലോഡ് മണൽ കൊണ്ടുപോയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിയമം നടപ്പിലാക്കാത്തതിന്റെ ഫലമായി CWRDM-ന്റെ റിപ്പോർട്ടിലെ ശിപാർശ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിനും പഞ്ചായത്തിനും ഖനന ഭൂഗർഭ ശാസ്ത്ര വകുപ്പിനുമായി ആകെ ലഭിക്കേണ്ട 18 ലക്ഷം രൂപ നഷ്ടമായതായും സമിതി വിലയിരുത്തുന്നു. നിയമം നിലവിൽവന്നിട്ട് പഞ്ചായത്ത് ഇക്കാര്യത്തിൽ ഗൗരവമായ യാതൊരു നടപടിയും സ്വീകരിക്കാത്തതും കാലതാമസം വരുത്തിയതും മനഃപൂർവ്വമാണെന്നും അനധികൃതമായി മണൽവാരാൻ ഒത്താശ ചെയ്തുകൊടുത്തുവെന്നും സമിതി അഭിപ്രായപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ അലംഭാവം മണൽവാരൽ നിയന്ത്രണ നിയമനിർമ്മാണം കൊണ്ടുദ്ദേശിച്ച പരിസ്ഥിതി സംരക്ഷണമെന്ന ലക്ഷ്യം യഥാസമയം സാക്ഷാത്കരിക്കപ്പെടാതെ പോകുന്നതിനിടയാക്കിയതായും സമിതി നിരീക്ഷിക്കുന്നു. നദീതടങ്ങളിൽ നിന്നും മണൽ ഖനനം ചെയ്യുന്നത്**

**സംബന്ധിച്ച് 2001-ലെ നിയമം പ്രാവർത്തികമാക്കാത്തതിന്റെ ഫലമായി 2002 മേയ് മുതൽ 2008 ഡിസംബർ വരെ പഞ്ചായത്തിനും സർക്കാരിനും റിവർ മാനേജ്മെന്റ് ഫണ്ടിനും ലഭിക്കേണ്ടിയിരുന്ന 18 ലക്ഷം രൂപ നഷ്ടമായതും മണൽ കടത്തി സ്വകാര്യ വ്യക്തികൾ നേട്ടമുണ്ടാക്കിയതും സംബന്ധിച്ച് അന്വേഷിച്ച്, ഉത്തരവാദികളെ കണ്ടെത്തി, നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ ഒരു മാസത്തിനുള്ളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനല്കിയെങ്കിലും സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിക്ക് സമർപ്പിച്ചിട്ടില്ല. സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചതിന്റെ വിഫലമായ ചെലവ്**

**പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി 72.13 ലക്ഷം രൂപ മുടക്കിയിട്ടും ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടു.**

മുനിസിപ്പൽ ഖരമാലിന്യ (നടത്തിപ്പും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ, 2000 പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിലെ ഖരമാലിന്യങ്ങളുടെ സംഭരണം, ശേഖരണം, വേർതിരിക്കൽ, കടത്ത്, സംസ്കരണം, നീക്കം ചെയ്യൽ എന്നിവയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മുനിസിപ്പാലിറ്റിയുടെ ചുമതലയാണ്. പരിസ്ഥിതിക്ക് ഹാനിയുണ്ടാക്കാതെ സ്വാഭാവികമായി ജീർണ്ണിക്കുന്ന ജൈവമാലിന്യങ്ങളെ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, അനേറോബിക് ഡൈജഷൻ അല്ലെങ്കിൽ മറ്റ് അനുയോജ്യമായ ജൈവ പ്രക്രിയകൾ വഴി സ്ഥായിയായ രൂപപരിണാമത്തിനായി സംസ്കരിക്കേണ്ടതുണ്ട്. സ്വയം ജീർണ്ണിക്കാത്ത ജൈവമാലിന്യങ്ങൾ താഴ്ന്നഭൂപ്രദേശങ്ങൾ നികത്തിയെടുക്കാനായി ഉപയോഗപ്പെടുത്താം.

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സ്വന്തം ഭൂമിയിൽ 45 ലക്ഷം രൂപ ചെലവിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനായി സർക്കാർ അംഗീകൃത ഖരമാലിന്യ സംസ്കരണ നടത്തിപ്പ് സേവന ദാതാവായ മെസ്സേർസ് ടെക്നോ ഗ്രൂപ്പുമായി (കമ്പനി) 2006 ജൂണിൽ കരാർ ഒപ്പിട്ടു. കമ്പനിക്ക് പ്രതിമാസം 1.40 ലക്ഷം രൂപ നടത്തിപ്പിനും

പരിപാലനത്തിനുമായി മുനിസിപ്പാലിറ്റി നൽകണമായിരുന്നു. പരിസ്ഥിതി സംരക്ഷണത്തിന് അനുപേക്ഷണീയമായതിനാൽ ഖരമാലിന്യങ്ങൾ കാര്യക്ഷമമായ രീതിയിൽ സംസ്കരിക്കാനും കൈകാര്യം ചെയ്യാനുമുള്ള ബാധ്യത കരാറുപ്രകാരം കമ്പനിയിൽ നിക്ഷിപ്തമായിരുന്നു. സ്വാഭാവികമായി ജീർണ്ണിക്കുന്നതും അല്ലാത്തതുമായ മാലിന്യ വസ്തുക്കളെ കൈകൊണ്ട് തരംതിരിക്കേണ്ടതുണ്ടായിരുന്നു. സ്വാഭാവികമായി ജീർണ്ണിക്കുന്ന മാലിന്യ വസ്തുക്കളെ ചെറിയ കൂനകളാക്കി സംസ്കരിച്ച് രൂപമാറ്റം നടത്തി ഓർഗാനിക് വളങ്ങളാക്കി മാറ്റുക എന്നതായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. കരാർ അവസാനിക്കുന്നമുറയ്ക്ക് പ്ലാന്റിന്റെ പ്രവർത്തനം ഏറ്റെടുക്കുവാൻ പ്രാപ്തമാക്കുന്നതിനുവേണ്ടി മുനിസിപ്പാലിറ്റി തെരഞ്ഞെടുത്ത വ്യക്തികൾക്ക് കമ്പനി തീവ്രപരിശീലനം നൽകേണ്ടതുണ്ടായിരുന്നു. മുനിസിപ്പാലിറ്റി രൂപം നൽകിയിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിക്കേണ്ടതുമുണ്ടായിരുന്നു.

തുടക്കത്തിലുള്ള പദ്ധതി നിർദ്ദേശമനുസരിച്ച് ദിവസേന പത്ത് ടൺ ഖരമാലിന്യം മുനിസിപ്പാലിറ്റി ലഭ്യമാക്കേണ്ടതും കമ്പനി അവയെ മൂന്ന് ടൺ ഓർഗാനിക് വളമാക്കി മാറ്റി മുനിസിപ്പാലിറ്റിയുടെ മാർക്കറ്റിംഗ് ചാനലുകൾ വഴി വില്പന നടത്തുവാൻ നൽകേണ്ടതുമായിരുന്നു. പദ്ധതിയുടെ സാമ്പത്തിക വിജയം ഉറപ്പാക്കാനായി കമ്പോസ്റ്റിന്റെ വില മെട്രിക് ടണ്ണിന് 2,225 രൂപയായി നിശ്ചയിക്കാനും പദ്ധതി നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരുന്നു. നിലവിലുള്ള സർക്കാർ ഉത്തരവു പ്രകാരം സേവനദാതാവ് കരാർ അനുസരിച്ചുള്ള വളത്തിന്റെ ഉല്പാദനവും വിതരണവും ഉറപ്പുവരുത്തേണ്ടതുണ്ടായിരുന്നു. എന്നാൽ അതിനായുള്ള പ്രത്യേക വ്യവസ്ഥകൾ ഒന്നും ബന്ധപ്പെട്ട കരാറിൽ മുനിസിപ്പാലിറ്റി ഉൾപ്പെടുത്തുകയുണ്ടായില്ല.

പ്ലാന്റ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവൃത്തി ആകെ 48.50 ലക്ഷം രൂപ ചെലവിൽ 2007 മാർച്ചിൽ പൂർത്തിയാക്കിയിരുന്നു. 2007 ഏപ്രിലിൽ പ്ലാന്റ് പ്രവർത്തനം തുടങ്ങി. എന്നാൽ കമ്പനി ഓർഗാനിക് വളം ഉല്പാദിപ്പിക്കുകയോ മുനിസിപ്പാലിറ്റിയുടെ തെരഞ്ഞെടുത്ത വ്യക്തികൾക്ക് പരിശീലനം നൽകുകയോ ചെയ്തിരുന്നില്ല. ഇതുകൂടാതെ മുനിസിപ്പാലിറ്റി പ്രവർത്തനത്തിനും പരിപാലനച്ചെലവുകൾക്കുമായി 23.63 ലക്ഷം രൂപ 2007 ഏപ്രിൽ മുതലുള്ള 18 മാസക്കാലത്തേക്ക് നൽകുകയുണ്ടായി. ഖര മാലിന്യങ്ങൾ ഓർഗാനിക് വളമാക്കി മാറ്റുവാൻ കമ്പനി യാതൊരു പ്രവർത്തനവും നടത്തിയില്ല എന്നും പകരം കരാറിലെ വ്യവസ്ഥകൾക്കു വിപരീതമായി പരിസ്ഥിതിക്ക് അപകടകരമായ രീതിയിൽ ഖരമാലിന്യങ്ങൾ കത്തിക്കുകയുമാണ് ചെയ്തതെന്നും 2008 മേയിൽ മുനിസിപ്പാലിറ്റി അറിയിച്ചു. പ്ലാന്റിന്റെ പ്രവർത്തനത്തിലെ ന്യൂനതകൾ പലപ്രാവശ്യം മുനിസിപ്പാലിറ്റി കമ്പനിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. കരാറിലെ വ്യവസ്ഥയനുസരിച്ച് പ്ലാന്റിന്റെ ഉല്പാദനം പ്രതീക്ഷിച്ച നിലവാരത്തിൽ എത്താത്തപക്ഷം

അതിന്റെ പ്രവർത്തനം നിർത്തിവെയ്ക്കാൻ മുനിസിപ്പാലിറ്റിക്ക് ഉത്തരവ് നൽകാൻ അധികാരം ഉണ്ടായിരുന്നതും അതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കാൻ മുനിസിപ്പാലിറ്റിക്ക് ചെലവായ തുക തിരിച്ച് നൽകാൻ കമ്പനി ബാധ്യസ്ഥവുമായിരുന്നു. പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന് കണ്ടതിനെത്തുടർന്ന് മുനിസിപ്പാലിറ്റി 2008 നവംബറിൽ കരാർ അവസാനിപ്പിക്കുകയും പ്രവർത്തനം താൽക്കാലികമായി കുടുംബശ്രീ യൂണിറ്റിന് കൈമാറുകയും ചെയ്തു. പ്ലാന്റിന്റെ പ്രവർത്തനം തുടർന്ന് നടത്തിക്കൊണ്ടുപോകുവാൻ കാര്യക്ഷമതയുള്ള ഒരു ഏജൻസിയെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലായിരുന്നു മുനിസിപ്പാലിറ്റി. പ്ലാന്റ് പ്രവർത്തിക്കുന്നില്ല എന്നും യാർഡിൽ കൂട്ടിയിട്ടിട്ടുള്ള മാലിന്യങ്ങളിൽ നിന്നും പുക വമിക്കുന്നതായും 2008 ഡിസംബറിൽ പ്ലാന്റിന്റെ സൈറ്റ് സന്ദർശിച്ചപ്പോൾ ഓഡിറ്റിന് കാണാൻ കഴിഞ്ഞു.

അപര്യാപ്തമായ നിരീക്ഷണവും കാലോചിതമായ പരിഹാര നടപടി സ്വീകരിക്കുന്നതിൽ ഉണ്ടായ പിഴവുംമൂലം 48.50 ലക്ഷം രൂപ മുടക്കി പരിസ്ഥിതി സൗഹൃദ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയും 23.63 ലക്ഷം രൂപ പ്രവർത്തനത്തിനും പരിപാലനച്ചെലവുകൾക്കുമായി മുടക്കുകയും ചെയ്തിട്ടും പ്രതീക്ഷിച്ച ഗുണം ലഭിക്കുന്നതിൽ മുനിസിപ്പാലിറ്റി പരാജയപ്പെടുകയാണുണ്ടായത്.

ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ 2009 ജനുവരിയിൽ കൊണ്ടുവന്നുവെങ്കിലും 2009 മേയ് വരെ മറുപടി ലഭിക്കുകയുണ്ടായില്ല.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.5.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

12. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 48.50 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി 23.63 ലക്ഷം രൂപ മുടക്കിയിട്ടും പ്രതീക്ഷിച്ച ഗുണഫലം ലഭിക്കാതിരിക്കുകയും കരാർ വ്യവസ്ഥ പ്രകാരം കമ്പനി പ്രവർത്തിക്കാതിരിക്കുകയും ചെയ്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 2004 കാലയളവിൽ 49 സെന്റ് സ്ഥലവും അശാസ്ത്രീയമായ ലാന്റ് ഫില്ലിംഗ് രീതിയും മാത്രമാണ് ഖരമാലിന്യ സംസ്കരണത്തിനായുണ്ടായിരുന്നതെന്നും അതിനാൽ 2005-06-ൽ 13.5 ഏക്കർ സ്ഥലം കൂടി കണ്ടെത്തി ശാസ്ത്രീയമായ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചുവെന്നും; ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസി എന്ന നിലയിലും മലപ്പുറം, ഒറ്റപ്പാലം നഗരസഭകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലും പ്ലാന്റിന്റെ നിർമ്മാണ ചുമതല ടെക്നോ ഗ്രൂപ്പിനെ ഏൽപ്പിച്ചുവെന്നും അവർ കരാർ പ്രകാരം സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിച്ച് പ്ലാന്റ് മുനിസിപ്പാലിറ്റിക്ക് കൈമാറുകയും തുടർന്ന് ഒന്നര വർഷത്തോളം ടെക്നോ ഗ്രൂപ്പിന് എ.എം.സി. നൽകി പ്ലാന്റ് പ്രവർത്തിപ്പിച്ചിരുന്നുവെങ്കിലും പ്രതീക്ഷിച്ച ഗുണനിലവാരവും വേണ്ടത്ര ആവശ്യക്കാരും ഇല്ലാതിരുന്നതിനാൽ വളം വിറ്റഴിക്കാൻ സാധിച്ചില്ലെന്നും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. ദൈനംദിനമുള്ള മാലിന്യങ്ങൾ അതത് ദിവസങ്ങളിൽ സംസ്കരിക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് കൗൺസിൽ 2008-ൽ ടി സ്ഥാപനത്തെ കരാറിൽ നിന്നൊഴിവാക്കിയതായും തുടർന്ന് ഐ.ആർ.ടി.സിയേയും നിലവിൽ ഹരിത, കുടുംബശ്രീ യൂണിറ്റുകളെയും വച്ചാണ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതെന്നും 2008 ഒക്ടോബർ മാസം കരാറിന്റെ കാലാവധി അവസാനിച്ച ശേഷം ഡിസംബറിലാണ് ഓഡിറ്റ് ടീം പ്ലാന്റ് സന്ദർശിച്ചതെന്നും ആ ഘട്ടത്തിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് പരിശീലനം നൽകി വന്നിരുന്നതിനാൽ പ്ലാന്റ് ശരിയാംവണ്ണം പ്രവർത്തിപ്പിച്ചിരുന്നില്ലായെന്നും ആയതിനാൽ കുറച്ച് മാലിന്യം പ്ലാന്റിൽ കെട്ടിക്കിടന്നിരുന്നുവെന്നും എന്നാൽ ഇപ്പോൾ പ്ലാന്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു.

13. വളത്തിന്റെ ഉൽപ്പാദനവും, വിൽപ്പനയും സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇത്തരം ജൈവവളത്തിന് വേണ്ടത്ര ആവശ്യക്കാരില്ലെന്നും ആയത് ജൈവകൃഷിയ്ക്കായി പാടശേഖര സമിതികൾക്ക് കാർഷിക പദ്ധതിയുടെ ഭാഗമായി കൊടുക്കുകയാണെന്നും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. ആദ്യം കരാർ ഏറ്റെടുത്ത ടെക്നോ ഗ്രൂപ്പിനുണ്ടായ പരാജയത്തെപ്പറ്റി സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടില്ലാത്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. മാലിന്യനിർമ്മാർജ്ജനത്തിന് വിൻഡ്രോ കമ്പോസ്റ്റിംഗ്, തെർമൽ ടെക്നോളജി എന്നിങ്ങനെ രണ്ട് മാർഗ്ഗങ്ങളാണുള്ള തെന്നും ചെറിയ മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും വിൻഡ്രോ കമ്പോസ്റ്റിംഗ് ടെക്നോളജിയാണുപയോഗിക്കുന്നതെന്നും വേർതിരിക്കൽ നടക്കുന്നതനുസരിച്ചാണ് കമ്പോസ്റ്റിംഗ് ഫലപ്രദമാകുന്നതെന്നും മാലിന്യത്തിന്റെ അളവും ഗുണവും കുറവായിരുന്നതുകൊണ്ട് കമ്പോസ്റ്റിംഗ് ശരിയായി നടന്നിരുന്നില്ലായെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി വിശദീകരണം നൽകി.

14. വളത്തിന്റെ ഗുണം അത് നിർമ്മിക്കാനുപയോഗിക്കുന്ന മാലിന്യത്തിന്റെ ഗുണവും അളവും അനുസരിച്ചാണെന്നും ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന മാലിന്യത്തിന്റെ ഗുണവും അളവും കുറവായിരുന്നതിനാൽ പ്ലാന്റ് പ്രവർത്തിപ്പിച്ചിരുന്ന കരാറുകാരനെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിയുകയില്ലെന്നും തത്സംബന്ധമായ സമിതിയുടെ ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

15. ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസി എന്നനിലയ്ക്ക് കമ്പനിക്കും പ്രസ്തുത പരാജയത്തിൽ ഉത്തരവാദിത്വമുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. എന്നാൽ പ്ലാന്റ് സ്ഥാപിച്ചതിലല്ല, അത് പ്രവർത്തിപ്പിക്കുന്നതിലാണ് വീഴ്ചയുണ്ടായതെന്ന് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി ചൂണ്ടിക്കാട്ടി.

16. മുനിസിപ്പാലിറ്റി തെരഞ്ഞെടുത്ത പ്ലാന്റിലെ തൊഴിലാളികൾക്ക് പ്ലാന്റിന്റെ നടത്തിപ്പിനാവശ്യമായ പരിശീലനം കമ്പനി നൽകിയിരുന്നില്ലെന്നും; വളത്തിന്റെ വിതരണം ഉറപ്പുവരുത്തേണ്ടത് കമ്പനിയുടെ ചുമതലയായിരുന്നുവെന്നും എന്നാൽ ഇക്കാര്യങ്ങൾ കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം എന്തായിരുന്നുവെന്നും സമിതി ആരാഞ്ഞു. മാലിന്യനിർമ്മാർജ്ജനമായിരുന്നു പ്രധാന ലക്ഷ്യമെന്നും വളത്തിന്റെ വിതരണം അനുബന്ധ കാര്യമായിരുന്നുവെന്നും ഇത്തരം വളം ഉപയോഗിക്കാൻ ജനത്തിന് വിമുഖതയുണ്ടെന്നും; ഏജൻസി പ്ലാന്റ് ഭംഗിയായി സ്ഥാപിച്ചുവെങ്കിലും അതിന്റെ നടത്തിപ്പിൽ വീഴ്ചയുണ്ടായെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

17. മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുവാൻ 18 മാസത്തോളം കമ്പനി യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും കരാറിലെ വ്യവസ്ഥകൾക്ക് വിപരീതമായി, പരിസ്ഥിതിക്ക് അപകടകരമായ രീതിയിൽ, ഖരമാലിന്യങ്ങൾ കത്തിക്കുകയാണുണ്ടായതെന്നും റിപ്പോർട്ടിൽ പറയുന്നതും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പറയുന്നതും തമ്മിൽ വ്യത്യാസമുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

18. വളത്തിന്റെ വിതരണം ഉറപ്പ് വരുത്തേണ്ടത് കമ്പനിയുടെ ഉത്തരവാദിത്വ മാണെന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് കരാറിൽ ആ കാര്യം ഉൾപ്പെടുത്താത്തതിന്റെ കാരണം പരിശോധിക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

19. കമ്പനികളെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് സമിതി ആരാഞ്ഞതിന് സാങ്കേതിക പരിജ്ഞാനമുള്ള കമ്പനികളെ മാത്രമേ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

20. ഇപ്പോഴുള്ള സംവിധാനത്തിലൂടെ സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ്, IRTC-ക്ക് നൽകുന്ന OM ചാർജ്ജ് എന്നിവ സംബന്ധിച്ചും മാലിന്യം ശരിയായ രീതിയിൽ സംസ്കരിച്ചോയെന്നും കമ്പനിയുടെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണോയെന്നും പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇപ്പോൾ ഹരിത ഗ്രൂപ്പാണ് പ്ലാന്റിന്റെ പ്രവർത്തനം നടത്തുന്നതെന്നും മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം കൊടുത്തിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

21. കരാറിലെ വ്യവസ്ഥകൾ കമ്പനി ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിച്ച് നഷ്ടപരിഹാരം ഈടാക്കുകയും ഇതേവരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന റിപ്പോർട്ട് നൽകുകയും, കരാറിൽ മതിയായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുകയും പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

22. **പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 48.50 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി 23.63 ലക്ഷം രൂപ മുടക്കിയിട്ടും പ്രതീക്ഷിച്ച ഗുണഫലം ലഭിക്കാതിരുന്നതായി സമിതി വിലയിരുത്തുന്നു. ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസി എന്ന നിലയ്ക്ക് കമ്പനിക്കും പ്രസ്തുത പരാജയത്തിൽ ഉത്തരവാദിത്വമുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

23. **മുനിസിപ്പാലിറ്റി തെരഞ്ഞെടുത്ത പ്ലാന്റിലെ തൊഴിലാളികൾക്ക് പ്ലാന്റിന്റെ നടത്തിപ്പിനാവശ്യമായ പരിശീലനം കമ്പനി നൽകിയിരുന്നില്ലെന്നും വളത്തിന്റെ വിതരണം ഉറപ്പുവരുത്തേണ്ടത് കമ്പനിയുടെ ചുമതലയായിരുന്നു വെന്നും സമിതി നിരീക്ഷിക്കുന്നു. മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുവാൻ 18 മാസങ്ങളോളം കമ്പനി യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും കരാറിലെ വ്യവസ്ഥകൾക്ക് വിപരീതമായി പരിസ്ഥിതിക്ക് അപകടകരമായ രീതിയിൽ ഖരമാലിന്യങ്ങൾ കത്തിക്കുകയാണുണ്ടായതെന്നും സമിതി മനസ്സിലാക്കുന്നു. വളത്തിന്റെ വിതരണം ഉറപ്പ് വരുത്തേണ്ടത് കമ്പനിയുടെ ഉത്തരവാദിത്വമാണെന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് കരാറിൽ ആ കാര്യം ഉൾപ്പെടുത്താത്തതിന്റെ കാരണം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24. **ഇപ്പോഴുള്ള സംവിധാനത്തിലൂടെ സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ്, IRTC-ക്ക് നൽകുന്ന OM ചാർജ്ജ് എന്നിവ സംബന്ധിച്ചും മാലിന്യം ശരിയായ രീതിയിൽ സംസ്കരിച്ചോയെന്നും കമ്പനിയുടെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണോയെന്നും പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

25. **കരാറിലെ വ്യവസ്ഥകൾ കമ്പനി ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിച്ച് നഷ്ടപരിഹാരം**

**ഈടാക്കുകയും ഇതേവരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന റിപ്പോർട്ട് നൽകുകയും കരാറിൽ മതിയായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുകയും പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വകുപ്പിന്റെ വീഴ്ചമൂലമുള്ള അധിക ബാദ്ധ്യത**

**നിശ്ചിത സമയത്ത് കരാറുകാരന് സൈറ്റ് കൈമാറുന്നതിലും പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി നിശ്ചയിച്ചുനൽകുന്നതിലും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിനുണ്ടായ വീഴ്ച 18.26 ലക്ഷം രൂപയുടെ അധിക ബാധ്യതയ്ക്ക് കാരണമായി.**

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനനിധിയുടെ (ആർ.ഐ.ഡി.എഫ്.) സ്കീം IX-ന്റെ ധനസഹായം ഉപയോഗിച്ച് തിരുപുറം പഞ്ചായത്തിലെ പഞ്ചിക്കാട്ടുകടവ് കറുമനാൽ ബണ്ട് റോഡിന്റെ പുനർനിർമ്മാണം ഏറ്റെടുക്കുകയുണ്ടായി. ആദ്യം പദ്ധതി അനുവദിച്ചപ്പോൾ മുതൽമുടക്ക് 70.40 ലക്ഷം രൂപയുടെ ആർ.ഐ.ഡി.എഫ്. വായ്പ ഉൾപ്പെടെ 88 ലക്ഷം രൂപയായിരുന്നു. ഇത്തരം ലോണുകൾക്ക് നബാർഡ് ചുമത്തുന്ന പലിശ ആറരശതമാനമായിരുന്നു. 2004 ഏപ്രിലിൽ ബ്ലോക്ക് പഞ്ചായത്തും കരാറുകാരനുമായുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം കരാർ തുക 85.83 ലക്ഷം രൂപയും പണിപൂർത്തിയാക്കേണ്ട തീയതി 2004 നവംബർ 30-ഉം ആയിരുന്നു. റോഡിന്റെ അവസാന ഭാഗത്ത് സ്ഥലത്തിന് ആവശ്യമായ വീതി ലഭ്യമല്ല എന്ന കാരണത്താൽ സമയം 2005 ജൂൺ വരെ നീട്ടിനൽകുവാൻ കരാറുകാരൻ 2004 നവംബറിൽ അപേക്ഷിക്കുകയും പഞ്ചായത്ത് അത് അനുവദിക്കുകയുമുണ്ടായി. പ്രവൃത്തിയുടെ മുക്കാൽ പങ്ക് പൂർത്തിയാക്കിയശേഷം ശക്തമായ മഴമൂലം പ്രവൃത്തിക്ക് തടസ്സം നേരിട്ടതായി കാണിച്ച് സമയം 2006 മാർച്ച് 31 വരെ നീട്ടിനൽകുവാൻ വീണ്ടും കരാറുകാരൻ ആവശ്യപ്പെടുകയും പഞ്ചായത്ത് അത് അനുവദിക്കുകയും ചെയ്തിരുന്നു.

ഷെഡ്യൂൾ നിരക്കുകളുടെ പുതുക്കലിനെ തുടർന്ന് അതുവരെ തുടക്കംകുറിക്കാത്ത ആർ.ഐ.ഡി.എഫ്. IX-ഉം X-ഉം സ്കീമിലെ പ്രവൃത്തികളുടെ പദ്ധതി അടങ്കൽ പുനരവലോകനത്തിന് വിധേയമാക്കുവാൻ തീരുമാനിച്ചതായി നബാർഡ് 2005 സെപ്റ്റംബറിൽ സർക്കാരിനെ അറിയിക്കുകയും അപ്രകാരമുള്ള പ്രവൃത്തികളുടെ വിവരങ്ങൾ നൽകാൻ അഭ്യർത്ഥിക്കുകയുമുണ്ടായി. 65 ശതമാനം പൂർത്തിയാക്കിയ

ഈ പ്രവൃത്തിയുടെ അടങ്കൽ തുക 88 ലക്ഷം രൂപയിൽ നിന്നും 105.66 ലക്ഷം രൂപയായാക്കി പുതുക്കുവാനായി സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുവാൻ 2005 ഡിസംബറിൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചു. ഇതനുസരിച്ച് തുടക്കംകുറിക്കാത്ത പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തി അടങ്കൽ വർദ്ധനയ്ക്കായി സർക്കാർ ഈ പ്രവൃത്തി ശിപാർശ ചെയ്യുകയുണ്ടായി. ആർ.ഐ.ഡി.എഫ്. ലോൺ 84.53 ലക്ഷം രൂപയുൾപ്പെടെ അടങ്കൽ 105.66 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് പദ്ധതി നിർദ്ദേശത്തിന് 2006 മാർച്ചിൽ നബാർഡ് അംഗീകാരം നൽകി. നബാർഡിന്റെ വ്യവസ്ഥകൾക്ക് കടകവിരുദ്ധമായി പദ്ധതിച്ചെലവ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിച്ചത് ബ്ലോക്ക് പഞ്ചായത്തായിരുന്നു. അവസാന ബില്ലുകൾ പ്രകാരം ആകെ ചെലവ് 104.09 ലക്ഷം രൂപയായിരുന്നു.

സമയമാണ് എല്ലാ കരാറുകളുടെയും സത്ത. പ്രവൃത്തിക്കാവശ്യമായ സ്ഥലം കരാറുകാരന് കൈമാറാനുള്ള നടപടിക്രമങ്ങൾ ഉറപ്പാക്കിയശേഷമേ ദർഘാസുകൾ ക്ഷണിക്കാൻ പാടുള്ളൂവെന്ന് കേരള പൊതുമരാമത്ത് മാന്വവൽ ഉദ്ഘോഷിക്കുന്നു. സൈറ്റിലെ നിലവിലുള്ള മഴ തുടങ്ങിയ കാലാവസ്ഥ ഘടകങ്ങൾ കണക്കിലെടുത്ത് ശ്രദ്ധാപൂർവ്വംവേണം പ്രവൃത്തിയുടെ കാലാവധി നിശ്ചയിക്കേണ്ടത്. എന്നാൽ ഈ ഘടകങ്ങൾ ഒന്നുംതന്നെ ബ്ലോക്ക് പഞ്ചായത്ത് കണക്കിലെടുക്കുകയുണ്ടായില്ല. റോഡ് പണിക്ക് ആവശ്യമായ സ്ഥലം നിശ്ചിത സമയത്തിന് കരാറുകാരന് കൈമാറുന്നത് ഉറപ്പാക്കാൻ കഴിയാതെ വന്നതും മഴ സീസൺ കണക്കിലെടുക്കാതെ പ്രവൃത്തിയുടെ കാലാവധി നിശ്ചയിച്ചതും ബ്ലോക്ക് പഞ്ചായത്തിന്റെ വീഴ്ചയായിരുന്നു. ഇത് കരാറുകാരന് തുക വർദ്ധിപ്പിച്ചുനൽകാനും തൻമൂലം 18.26 ലക്ഷം രൂപയുടെ അധികബാധ്യതയ്ക്കും ഇടയാക്കി.

ഈ വിഷയം 2009 ഫെബ്രുവരിയിൽ സർക്കാരിനെ അറിയിക്കുകയുണ്ടായി എങ്കിലും 2009 മേയ് വരെ മറുപടി ലഭിക്കുകയുണ്ടായില്ല.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.6.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

26. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ആർ.ഐ.ഡി.എഫ്. സ്കീം IX-ന്റെ ധനസഹായം ഉപയോഗിച്ച് തിരുപുറം പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കുറുമനാൽ ബണ്ട് റോഡിന്റെ പുനരുദ്ധാരണ പദ്ധതിയിൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഷെഡ്യൂൾ നിരക്കുകൾ പുതുക്കിയതിന്റെ ഫലമായി 18.26 ലക്ഷം രൂപയുടെ അധികബാധ്യതയ്ക്ക് ഇടയാക്കിയത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

27. ആർ.ഐ.ഡി.എഫ്. സ്കീം IX-ലും X-ലും അനുവദിച്ച പ്രവൃത്തികളിൽ പലതും നടക്കാതെവന്ന സന്ദർഭത്തിൽ പ്രവൃത്തികൾക്കുള്ള ചെലവുതുക ഉയർത്താൻ സർക്കാർ അനുവദിച്ചുവെന്നും തുടങ്ങാത്ത പ്രവൃത്തികൾക്കുള്ള ചെലവുതുക ഉയർത്താനാണ് യഥാർത്ഥത്തിൽ അനുവദിച്ചതെന്നും എന്നാൽ പ്രവൃത്തി തുടങ്ങാത്തവയ്ക്കൊപ്പം, 65 ശതമാനം പൂർത്തിയാക്കിയ ടി പ്രവൃത്തിക്കുള്ള ചെലവുതുകയും ഉയർത്തിയെന്നും ആയതിന്റെ പേരിൽ 18.26 ലക്ഷം രൂപ സർക്കാരിന് അധികബാധ്യത ഉണ്ടായി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും പഞ്ചായത്ത് വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ്ജ് അറിയിച്ചു. ഇതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കിട്ടിയ മറുപടിയുടെയും സർക്കാർ ലഭ്യമാക്കിയ ലിസ്റ്റിൽപ്പെട്ട പ്രവൃത്തിയെന്നനിലയ്ക്ക് എ.ഡി.സി.യുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തീരുമാനമനുസരിച്ചാണ് സർക്കാരിലേക്ക് ശിപാർശ ചെയ്തതെന്നും പ്രവൃത്തി വളരെ ഭംഗിയായി പൂർത്തീകരിച്ചുവെന്നും തുടങ്ങാത്ത പ്രവൃത്തിയുടെ ചെലവുതുകയ്ക്കൊപ്പം തുടങ്ങിയ പ്രവൃത്തിയുടെ തുകയും ഉയർത്തുന്നതിൽ അപാകതയില്ല എന്നുള്ള മറുപടിയാണ് തങ്ങൾ സർക്കാരിന് സമർപ്പിച്ചതെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു.

28. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ചെലവുതുക വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി, ജില്ലാ ഗ്രാമ വികസന ഏജൻസി, സർക്കാർ, നബാർഡ് എന്നിവയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും ബോദ്ധ്യപ്പെട്ടതിനാൽ ഇക്കാര്യത്തിലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

29. **ആർ.ഐ.ഡി.എഫ്. സ്കീം IX-ലും X-ലും അനുവദിച്ച പ്രവൃത്തികളിൽ ആരംഭിക്കാത്ത പ്രവൃത്തികൾക്കുള്ള ചെലവുതുക ഉയർത്താൻ സർക്കാർ അനുവദിച്ചപ്പോൾ 65 ശതമാനം പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിക്കുള്ള ചെലവുതുകയും ഉയർത്തിയെന്നും എ.ഡി.സി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനമനുസരിച്ചാണ് സർക്കാരിലേക്ക് ശിപാർശ ചെയ്തതെന്നും സമിതി മനസ്സിലാക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ചെലവുതുക വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി, ജില്ലാ ഗ്രാമ വികസന ഏജൻസി, സർക്കാർ, നബാർഡ് എന്നിവയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തരനടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യക്തമായ അപ്രോച്ച് റോഡില്ലാത്ത സ്ഥലം വാങ്ങിയതുമൂലമുള്ള വ്യർത്ഥമായ ചെലവ്**

**തൃശ്ശൂരിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന് പുതിയതായി നിർമ്മിച്ച മാർക്കറ്റ് സെന്ററിലേക്കും കോക്കനട്ട്-ഫ്രൂട്ട്സ് പ്രോസസ്സിംഗ് യൂണിറ്റിലേക്കും വ്യക്തമായ അപ്രോച്ച് റോഡ് ലഭ്യമാക്കുന്നതിൽ വന്ന വീഴ്ചമൂലം 40.29 ലക്ഷം രൂപയുടെ മുതൽമുടക്ക് വ്യർത്ഥമായിലായി.**

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ അടങ്കൽ ചെലവിൽ ഒരു മാർക്കറ്റ് കെട്ടിടവും ടാക്സി സ്റ്റാന്റും 2005-06-ൽ സ്ഥാപിക്കാനായി 15.40 ലക്ഷം രൂപ വിലയ്ക്ക് 70 സെന്റ് ഭൂമി 2003 മാർച്ചിൽ വിലയ്ക്കുവാങ്ങി. പിന്നീട് ഇതേ സ്ഥലത്ത് 5.65 ലക്ഷം രൂപ അടങ്കലിൽ എസ്.ജി.ആർ.വൈ. സ്കീമിൽ ഉൾപ്പെടുത്തി കോക്കനട്ട് ആന്റ് ഫ്രൂട്ട്സ് പ്രോസസ്സിങ്ങ് ആന്റ് മാർക്കറ്റിങ്ങ് സെന്റർ സ്ഥാപിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചു. രണ്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ ജില്ലാ ആസൂത്രണ സമിതി 2005 മേയിൽ അംഗീകരിക്കുകയും 2005 ആഗസ്റ്റിൽ പണി തുടങ്ങുകയും ചെയ്തിരുന്നു. 2006 മാർച്ചിൽ കോക്കനട്ട് ആന്റ് ഫ്രൂട്ട്സ് പ്രോസസ്സിങ്ങ് ആന്റ് മാർക്കറ്റ് സെന്ററിന്റെ പണി മുഴുവനായും മാർക്കറ്റ് കെട്ടിടത്തിന്റെയും ടാക്സി സ്റ്റാന്റിന്റെയും പണി ഭാഗികമായും തീർന്നിരുന്നു. ബാക്കിവന്ന പണി മുഴുമിപ്പിക്കാനായി പഞ്ചായത്ത് 2007-08-ൽ 13 ലക്ഷം രൂപയുടെ മറ്റൊരു എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും പ്രവൃത്തി തൃശ്ശൂരിലുള്ള നിർമ്മിതികേന്ദ്രത്തിനെ ഏൽപ്പിക്കുകയും 2009-ന്റെ ആദ്യപാദത്തിൽ പൂർത്തിയാക്കുകയും ചെയ്തു. 2008 നവംബർ വരെയുള്ള മൊത്തം ചെലവ് 40.29 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ സൈറ്റിലേക്ക് അപ്രോച്ച് റോഡ് ഇല്ലാത്തതുമൂലം കെട്ടിടം ഉപയോഗിക്കാൻ കഴിഞ്ഞില്ല.

വസ്തുവിന്റെ വിലയാധാരപ്രകാരം പഞ്ചായത്ത് റോഡിൽ നിന്നും വസ്തുവിലേക്ക് എല്ലാത്തരം വാഹനങ്ങൾക്കും കടന്നുപോകാവുന്നവിധം നാലുമീറ്റർ വീതിയിൽ അപ്രോച്ച് റോഡുണ്ട്. എന്നാൽ ഈ അപ്രോച്ച് റോഡിന് ഒരേ വീതിയല്ല എന്നും പഞ്ചായത്ത് റോഡിൽ നിന്നും ഏതാണ്ട് 12 മീറ്ററോളം റോഡിന്റെ വീതി, 2.7 മീറ്ററിനും 3.6 മീറ്ററിനും ഇടയിലും രണ്ട് വശങ്ങളിലും കോൺക്രീറ്റ് കെട്ടിടങ്ങൾ ഉള്ളതായും കാണുകയുണ്ടായി. അതുകൊണ്ട് വസ്തുവിലേക്ക് വലിയ വാഹനങ്ങൾക്ക് കടക്കുവാൻ കഴിയുമായിരുന്നില്ല.

അപ്രോച്ച് റോഡിനായി 8.75 സെന്റ് ഭൂമി വാങ്ങുവാനായി പഞ്ചായത്ത് നടപടി എടുത്തതായും 6.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതായും 2009 മേയിൽ പഞ്ചായത്ത് ഡയറക്ടർ

അറിയിക്കുകയുണ്ടായി. വസ്തു വാങ്ങിയ സമയത്ത് അപ്രോച്ച് റോഡിന് കൈയേറ്റമില്ലാത്ത സ്ഥലം ഉറപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ചപറ്റി. തൽഫലമായി പുതിയതായി സ്ഥലം വാങ്ങുന്നതിനുള്ള 6.50 ലക്ഷം രൂപയുടെ അധിക ബാധ്യതയ്ക്കുപുറമേ 40.29 ലക്ഷം രൂപയുടെ മുതൽമുടക്ക് വ്യഥാവിലുമായി.

ഈ വിഷയം 2008 ആഗസ്റ്റിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും സർക്കാർ 2009 ജൂണിൽ പഞ്ചായത്ത് ഡയറക്ടറുടെ പ്രസ്താവന ശരിവയ്ക്കുകയും ചെയ്തു.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.7.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

30. തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ അടങ്കൽ ചെലവിൽ ഒരു മാർക്കറ്റ് കെട്ടിടവും ടാക്സി സ്റ്റാന്റും സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യുതിന് 40.29 ലക്ഷം രൂപ ചെലവാക്കുകയും ടി സ്ഥലത്തേക്കുള്ള അപ്രോച്ച് റോഡിന് വീതികൂട്ടുന്നതിന് സ്ഥലം വാങ്ങാൻ 6.5 ലക്ഷം രൂപകൂടി ചെലവാക്കുകയും ചെയ്തിട്ടും 2012-13 വരെയും മാർക്കറ്റും ടാക്സിസ്റ്റാന്റും പ്രവർത്തനസജ്ജമാകാതിരുന്നത് സംബന്ധിച്ച് സമിതി ആരായുകയുണ്ടായി. മേൽപരാമർശിച്ച അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും മാർക്കറ്റ് കെട്ടിടവും ടാക്സി സ്റ്റാന്റും പ്രവർത്തിക്കുന്നുണ്ടെന്നും ടാക്സി സ്റ്റാന്റിന് ആദ്യമുണ്ടായിരുന്ന അപ്രോച്ച് റോഡ് മെയിൻ റോഡിലേക്ക് പ്രവേശനം കിട്ടാവുന്ന രീതിയിൽ 8 മീറ്റർ വീതിയുള്ള റോഡാക്കി മാറ്റിയിട്ടുണ്ടെന്നും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

31. കേരഫല സംസ്കരണ കേന്ദ്രത്തെപ്പറ്റി മറുപടിയിൽ പരാമർശമില്ലാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് പട്ടികജാതി വിഭാഗത്തിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയായിരുന്നു അതെന്നും, പദ്ധതി നിർവ്വഹണസമയത്ത് ആ വിഭാഗത്തിൽപ്പെട്ട ആരും തയ്യാറായി വരാത്തതിനാലാണ് പ്രസ്തുത കേന്ദ്രം പ്രവർത്തിപ്പിക്കാൻ കഴിയാതെ പോയതെന്നും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

32. ടാക്സി സ്റ്റാന്റ് ഭാഗികമായി പൂർത്തീകരിക്കാൻ 15 ലക്ഷം രൂപയും 2007-08-ൽ 13 ലക്ഷം രൂപയും ചെലവഴിച്ചുവെന്നും ഇനിയും 28 ലക്ഷം രൂപകൂടി ചെലവഴിച്ചാലേ ആയത് പൂർത്തീകരിക്കാനാകൂവെന്നും സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുള്ളത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. 2009-ൽ ജോലി പൂർത്തീകരിച്ചില്ലേയെന്നും ടാക്സി ഷെഡ്ഡും യാർഡും ആദ്യത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പുതിയ ജോലികളാണോയെന്നും ആരാഞ്ഞതിന് മണലൂർ എം.എൽ.എ.യുടെ ഫണ്ടിൽനിന്ന് പണം ലഭിച്ചതിനാൽ ആയതിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

33. ടാക്സി സ്റ്റാന്റിന്റെ പ്രധാന ഭാഗങ്ങളായ ഷെഡ്ഡും യാർഡും ആദ്യത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതും ഗുണഭോക്താക്കൾ വരുന്നില്ല എന്ന പരാമർശവും സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ആദ്യ എസ്റ്റിമേറ്റിൽ ഒരു കെട്ടിടവും യാർഡും മാത്രമാണ് പറഞ്ഞിരുന്നതെന്നും ആയത് ചുറ്റിലും കെട്ടിടങ്ങൾ ഉള്ള ഒരു ഉൾഭാഗത്തായിരുന്നുവെന്നും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഗുണഭോക്താവിന്റെ കഴിവുകൾ പരിശോധിക്കുകയും വൈദഗ്ധ്യമില്ലെങ്കിൽ ആയത് മെച്ചപ്പെടുത്താനുള്ള കാര്യങ്ങൾകൂടി പദ്ധതിയുടെ ഭാഗമാക്കിവയ്ക്കുകയും വേണമെന്ന് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അങ്ങനെ ചെയ്യാതെ വരുമ്പോഴാണ് ഇത്തരത്തിൽ ആസ്തിയുണ്ടാക്കി ആയത് ഉപയോഗിക്കാൻ പറ്റാതെ വരുന്നതെന്നും അറിയിച്ച തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ആയത് സംബന്ധിച്ച് സമിതി ശിപാർശയുണ്ടാകണമെന്ന് അഭിപ്രായപ്പെട്ടു. കേരളത്തിലെ ഭൂരിപക്ഷം സ്ഥലങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയും നിർമ്മിച്ച കെട്ടിടങ്ങളും ഉപയോഗശൂന്യമായി കിടക്കുന്നത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിരവധി യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ലെന്ന് സമിതി നിരീക്ഷിക്കുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് അടുത്ത സമിതിയോഗത്തിന് മുമ്പ് നൽകണമെന്ന് നിർദ്ദേശിച്ചു.

34. എം. എൽ. എ. ഫണ്ടുപയോഗിച്ച് ടാക്സി സ്റ്റാന്റ് യാർഡും മറ്റും പൂർത്തീകരിച്ചത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഓഡിറ്റിന് ബോദ്ധ്യപ്പെടുന്നമുറയ്ക്ക് നടപടി അവസാനിപ്പിക്കാവുന്നതാണെന്നും കേര സംസ്കരണ യൂണിറ്റ് പ്രവർത്തന സജ്ജമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**35. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ അടങ്കൽ ചെലവിൽ ഒരു മാർക്കറ്റ് കെട്ടിടവും ടാക്സി സ്റ്റാന്റും സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യുതിന് 40.29 ലക്ഷം രൂപ ചെലവാക്കുകയും പ്രസ്തുത സ്ഥലത്തേക്കുള്ള അപ്രോച്ച് റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം വാങ്ങാൻ 6.5 ലക്ഷം രൂപകൂടി ചെലവാക്കുകയും ചെയ്തിട്ടും 2012-13 വരെയും മാർക്കറ്റും ടാക്സി സ്റ്റാന്റും പ്രവർത്തനസജ്ജമാകാതിരുന്നതായി സമിതി മനസ്സിലാക്കുന്നു. ടാക്സി സ്റ്റാന്റ് ഭാഗികമായി പൂർത്തീകരിക്കാൻ 15 ലക്ഷം രൂപയും 2007-08-ൽ 13 ലക്ഷം രൂപയും ചെലവഴിച്ചുവെന്നും ഇനിയും 28 ലക്ഷം രൂപകൂടി ചെലവഴിച്ചാലേ ആയത് പൂർത്തീകരിക്കാനാകൂവെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

36. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം വിനിയോഗിച്ച് സൃഷ്ടിക്കുന്ന ആസ്തികൾ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ചുനടന്ന ചർച്ചാവേളയിൽ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത ഭൂമിയുടെ ആകെ വിസ്തൃതി, വിനിയോഗം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് നിരവധി പ്രാവശ്യം സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. സമിതി നിർദ്ദേശം നിരന്തരം അവഗണിക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം മേല്പറഞ്ഞ വിവരങ്ങൾ അടിയന്തരമായി സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

37. **കൂടാതെ, ടാക്സി സ്റ്റാന്റ് യാർഡും മറ്റും പൂർത്തീകരിച്ചത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും കേരഫല സംസ്കരണ യൂണിറ്റ് പ്രവർത്തനസജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഒഴിവാക്കാമായിരുന്ന പലിശയും പിഴയും നൽകൽ**

**ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് തെരുവ് ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിൽ വരുത്തിയ കാലതാമസം 4.17 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന പലിശയും പിഴയും നൽകുന്നതിൽ കലാശിച്ചു.**

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും പട്ടിക ഒന്നും മൂന്നും അനുസരിച്ച് ജലവിതരണ പദ്ധതികളുടെ പരിപാലനം അതാതിടങ്ങളിലെ മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും ചുമതലയാണ്. മുനിസിപ്പാലിറ്റി നിയമത്തിലെ 315-ാം വകുപ്പും പഞ്ചായത്ത് രാജ് നിയമത്തിലെ 234 എ വകുപ്പനുസരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽവരുന്ന എല്ലാ ജലവിതരണത്തിന്റെയും ഡ്രെയിനേജിന്റെയും സേവനങ്ങൾ സർക്കാർ വിജ്ഞാപനംവഴി നിർദ്ദേശിക്കുന്ന തീയതി മുതൽ അതത് മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും നിക്ഷിപ്തമാകുന്നതാണ്. നിലവിലുള്ള ജലവിതരണവും ഡ്രെയിനേജ് സേവനങ്ങളുടെ കൈമാറ്റം മുടങ്ങിക്കിടക്കുന്നതിനാൽ കേരള വാട്ടർ അതോറിറ്റി തുടർന്നും ഈ ചുമതലകൾ നിറവേറ്റുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളടക്കമുള്ള ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുകയും ചെയ്യുന്നു. താമസിച്ച് അടയ്ക്കുന്ന വെള്ളക്കരത്തിന് കേരള വാട്ടർ അതോറിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പലിശയും പിഴയും ഈടാക്കുകയും ചെയ്യുന്നു.

തെരുവ് ടാപ്പുകളിൽ കൂടി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നാണ് നൽകുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാണെങ്കിലും വെള്ളക്കരം അടയ്ക്കുന്നതിൽ കാലവിളംബം ഒഴിവാക്കാറില്ലായിരുന്നു. തൽഫലമായി കുടിശ്ശിക വർഷംതോറും കുന്നുകൂടാൻ തുടങ്ങിയിരുന്നു. ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെള്ളക്കരത്തിന്റെ വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി ഓഫീസുകളിൽനിന്നും ശേഖരിച്ച് അപഗ്രഥനം നടത്തിയപ്പോൾ അവയുടെ 2004-05-ഉം 2005-06-ഉം വർഷങ്ങളിലെ ഡിമാൻഡിൽ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം മൊത്തം 4.17 കോടി രൂപയുടെ പലിശയും പിഴയും ഉൾപ്പെട്ടിരിക്കുന്നതായി കാണാൻകഴിഞ്ഞു.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | തസ്വഭ. സ്ഥാപനത്തിന്റെ പേര് | വെള്ളക്കരം (പലിശയും പിഴയും ഒഴിച്ച്) | | ചാർജ്ജ്ചെയ്ത പലിശയും പിഴയും | | | പിഴയുടെ ശതമാനം | |
|---|---|---|---|---|---|---|---|---|
| | | 2004-05 | 2005-06 | 2004-05 | 2005-06 | ആകെ | 2004-05 | 2005-06 |
| 1 | ഷൊർണൂർ മുനിസിപ്പാലിറ്റി | 338.12 | 429.42 | 86.85 | 107.63 | 194.48 | 25.69 | 25.06 |
| 2 | വിളയൂർ ഗ്രാമപഞ്ചായത്ത് | 199.24 | 257.18 | 51.80 | 65.42 | 117.22 | 26.00 | 25.44 |
| 3 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 94.33 | 129.77 | 23.19 | 29.41 | 52.60 | 24.58 | 22.66 |
| 4 | കാവലങ്ങാട് ഗ്രാമപഞ്ചായത്ത് | 4.44 | 4.49 | 12.43 | 15.15 | 27.58 | 280.00 | 337.42 |
| 5 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 7.94 | 9.78 | 7.42 | 8.30 | 15.72 | 93.45 | 84.37 |
| 6 | പിണ്ടിമന ഗ്രാമപഞ്ചായത്ത് | 1.63 | 1.63 | 3.94 | 5.00 | 8.94 | 241.72 | 306.75 |
| | ആകെ | 645.70 | 832.27 | 185.63 | 230.91 | 416.54 | 28.75 | 27.75 |

ചാർജ്ജ് ചെയ്തിരുന്ന പലിശയും പിഴയും മേലുദ്ധരിച്ച കാലയളവിലെ വെള്ളക്കരത്തിന്റെ 22.66 മുതൽ 337.42 ശതമാനം വരെയായിരുന്നു. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടിൽ ആവശ്യത്തിനുള്ള തുക ലഭ്യമായിരുന്നതിനാൽ സമയത്ത് വെള്ളക്കരം ഒടുക്കി പലിശയും പിഴയും നൽകുന്നതിൽ നിന്നും ഒഴിവാകാൻ കഴിയുമായിരുന്നു. എന്നാൽ ഈ ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദാസീനതയുടെ ഫലമായി തെരുവ് ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിൽ കാലതാമസം നേരിടുകയും 4.17 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന പലിശയും പിഴയും നൽകുന്നതിന് ഇത് ഇടയാക്കുകയും ചെയ്തു.

ഈ വിഷയം 2009 മേയിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.8.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

38. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയും വിളയൂർ, ഓങ്ങല്ലൂർ, കാവലങ്ങാട്, നെല്ലിക്കുഴി, പിണ്ടിമന എന്നീ ഗ്രാമപഞ്ചായത്തുകളും പൊതു ടാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം വാട്ടർ അതോറിറ്റിയിൽ യഥാസമയം അടയ്ക്കാത്തതിന്റെ ഫലമായി പലിശയും പിഴപ്പലിശയുമായി 4.17 കോടി രൂപ അധികം നൽകാൻ ഇടവന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ സംസ്ഥാനത്തൊട്ടാകെ ഗ്രാമപഞ്ചായത്തുകൾക്ക് 500 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നുവെന്നും തുടർന്ന് സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 250 കോടി രൂപ അടയ്ക്കുന്നതിന് തീരുമാനിച്ചതായും അതനുസരിച്ച് ഗ്രാമപഞ്ചായത്തുകളുടെ മെയിന്റനൻസ് ചാർജ്ജിനത്തിൽനിന്ന് 250 കോടി രൂപ സർക്കാർ വാട്ടർ അതോറിറ്റിക്ക് നേരിട്ട് നൽകിയതായും ആയതിനെത്തുടർന്ന് ഗ്രാമപഞ്ചായത്തുകൾ നേരിട്ട് വെള്ളക്കരമടയ്ക്കാൻ തുടങ്ങിയതായും പഞ്ചായത്ത് വകുപ്പ് ഡയറക്ടർ അറിയിച്ചു. കുടിശ്ശികയെല്ലാം തീർത്തുകഴിഞ്ഞ സ്ഥിതിക്ക് നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

39. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയും വിളയൂർ, ഓങ്ങല്ലൂർ, കാവലങ്ങാട്, നെല്ലിക്കുഴി, പിണ്ടിമന എന്നീ ഗ്രാമപഞ്ചായത്തുകളും പൊതു ടാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം യഥാസമയം അടയ്ക്കാത്തതിന്റെ ഫലമായി പലിശയും പിഴപ്പലിശയുമിനത്തിൽ 4.17 കോടി രൂപ അധികബാധ്യതയുണ്ടാകുവാൻ ഇടവന്നതായി സമിതി മനസ്സിലാക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തുകൾ നല്കാനുണ്ടായിരുന്ന കുടിശ്ശിക സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കാൻ തീരുമാനിക്കുകയും പരസ്പരധാരണ പ്രകാരം നിശ്ചയിച്ച തുക ഗ്രാമപഞ്ചായത്തുകളുടെ മെയിന്റനൻസ് ചാർജ്ജിൽനിന്ന് ഈടാക്കി ജല അതോറിറ്റിയിൽ അടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിന്മേലുള്ള അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,<br>
*അദ്ധ്യക്ഷൻ,*<br>
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,<br>
2016 ഫെബ്രുവരി 24.

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 6 | തദ്ദേശസ്വയംഭരണം (തിടനാട് ഗ്രാമപഞ്ചായത്ത്) | കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്ത് പ്രതിഫലദായക പദ്ധതിയിലുൾപ്പെടുത്തിയാണ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 7.93 ലക്ഷം രൂപ കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽനിന്ന് വായ്പയെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കെട്ടിടത്തിൽനിന്ന് പ്രതീക്ഷിക്കുന്ന വരുമാനം 99,000 രൂപയാണെന്നായിരുന്നു ഗ്രാമവികസന ബോർഡിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വരുമാനസാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുള്ളത്. കൃഷി ഭവൻ, ആയുർവ്വേദ ആശുപത്രി, സാങ്കേതിക വിഭാഗം ഓഫീസ്, വില്ലേജ് ഓഫീസ്, ഗ്രാമവികസന ഓഫീസ് മുതലായ സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് നല്കുന്നതിലൂടെ ലഭിക്കുന്ന വരുമാനമാണ് ഗ്രാമപഞ്ചായത്ത് പ്രതീക്ഷിച്ചിരുന്നതെങ്കിലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടെ ടി ഓഫീസുകളെല്ലാം പഞ്ചായത്തിന്റെ കീഴിലായതിനെത്തുടർന്ന് വാടക കിട്ടാതായതുകൊണ്ടാണ് വരുമാനദായകമല്ലാതായതെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുന്നു. മിനി സിവിൽ സ്റ്റേഷൻ കെട്ടിട |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിർമ്മാണത്തിനെടുത്ത വായ്പാത്തുക പലിശസഹിതം തിരികെ അടയ്ക്കുകയും അവശേഷിച്ച തുക എഴുതിത്തള്ളിയതായും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ക്രമക്കേടുകളെന്തെങ്കിലും സംഭവിച്ചിട്ടുള്ളതായി സമിതി കാണുന്നില്ല. ടി കെട്ടിടത്തിൽ വിവിധ സർക്കാർ ഓഫീസുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നുവെന്നും സമിതിക്ക് ബോദ്ധ്യമാകുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 11 | തദ്ദേശസ്വയംഭരണം (ന്യൂ മാഹി ഗ്രാമപഞ്ചായത്ത്) | 2002-ൽ നിയമം നിലവിൽ വന്നെങ്കിലും കടവ് സമിതി രൂപീകരിക്കുന്നത് 2007-ലും പാസ് കൊടുത്ത് തുടങ്ങുന്നത് 2009-ലും മാത്രമാണെന്ന് സമിതി നിരീക്ഷിക്കുന്നു. നിയമം നിലവിൽ വന്ന് അത് പ്രാവർത്തികമാക്കാൻ 7 വർഷത്തെ കാലതാമസമുണ്ടായതായി ഇതിൽ നിന്നും വ്യക്തമാകുന്നു. CWRDM-ന്റെ പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത കാലയളവിൽ നദീതടത്തിൽ നിന്നും 20000 ലോഡ് മണൽ കൊണ്ടുപോയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിയമം നടപ്പിലാക്കാത്തതിന്റെ ഫലമായി CWRDM-ന്റെ റിപ്പോർട്ടിലെ ശിപാർശ പ്രകാരം ലഭിക്കേണ്ട റിവർ മാനേജ്മെന്റ് ഫണ്ടിനും പഞ്ചായത്തിനും ഖനന ഭൂഗർഭ ശാസ്ത്ര വകുപ്പിനുമായി ആകെ 18 ലക്ഷം രൂപ നഷ്ടമായതായും സമിതി വിലയിരുത്തുന്നു. നിയമം നിലവിൽവന്നിട്ട് പഞ്ചായത്ത് ഇക്കാര്യത്തിൽ ഗൗരവമായ യാതൊരു നടപടിയും സ്വീകരിക്കാത്തതും |

| | | | |
|---|---|---|---|
| | | | കാലതാമസം വരുത്തിയതും മനഃപൂർവ്വമാണെന്നും അനധികൃതമായി മണൽവാരാൻ ഒത്താശ ചെയ്തുകൊടുത്തുവെന്നും സമിതി അഭിപ്രായപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ അലംഭാവം മണൽവാരൽ നിയന്ത്രണ നിയമനിർമ്മാണം കൊണ്ടുദ്ദേശിച്ച പരിസ്ഥിതി സംരക്ഷണമെന്ന ലക്ഷ്യം യഥാസമയം സാക്ഷാത്കരിക്കപ്പെടാതെ പോകുന്നതിനിടയാക്കിയതായും സമിതി നിരീക്ഷിക്കുന്നു. നദീതടങ്ങളിൽ നിന്നും മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച് 2001-ലെ നിയമം പ്രാവർത്തികമാക്കാത്തതിന്റെ ഫലമായി 2002 മേയ് മുതൽ 2008 ഡിസംബർ വരെ പഞ്ചായത്തിനും സർക്കാരിനും റിവർ മാനേജ്മെന്റ് ഫണ്ടിനും ലഭിക്കേണ്ടിയിരുന്ന 18 ലക്ഷം രൂപ നഷ്ടമായതും മണൽ കടത്തി സ്വകാര്യ വ്യക്തികൾ നേട്ടമുണ്ടാക്കിയതും സംബന്ധിച്ച് അന്വേഷിച്ച്, ഉത്തരവാദികളെ കണ്ടെത്തി, നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ ഒരു മാസത്തിനുള്ളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനല്കിയെങ്കിലും സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിക്ക് സമർപ്പിച്ചിട്ടില്ല. സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 3 | 22 | തദ്ദേശസ്വയംഭരണം (പെരിന്തൽമണ്ണ നഗരസഭ) | പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 48.50 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി 23.63 ലക്ഷം രൂപ മുടക്കിയിട്ടും പ്രതീക്ഷിച്ച ഗുണഫലം ലഭിക്കാതിരുന്നതായി സമിതി വിലയിരുത്തുന്നു. ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസി എന്ന നിലയ്ക്ക് കമ്പനിക്കും പ്രസ്തുത പരാജയത്തിൽ ഉത്തരവാദിത്വമുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 4 | 23 | ,, | മുനിസിപ്പാലിറ്റി തെരഞ്ഞെടുത്ത പ്ലാന്റിലെ തൊഴിലാളികൾക്ക് പ്ലാന്റിന്റെ നടത്തിപ്പിനാവശ്യമായ പരിശീലനം കമ്പനി നൽകിയിരുന്നില്ലെന്നും വളത്തിന്റെ വിതരണം ഉറപ്പുവരുത്തേണ്ടത് കമ്പനിയുടെ ചുമതലയായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുവാൻ 18 മാസങ്ങളോളം കമ്പനി യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും കരാറിലെ വ്യവസ്ഥകൾക്ക് വിപരീതമായി പരിസ്ഥിതിക്ക് അപകടകരമായ രീതിയിൽ ഖരമാലിന്യങ്ങൾ കത്തിക്കുകയാണുണ്ടായതെന്നും സമിതി മനസ്സിലാക്കുന്നു. വളത്തിന്റെ വിതരണം ഉറപ്പുവരുത്തേണ്ടത് കമ്പനിയുടെ ഉത്തരവാദിത്വമാണെന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് കരാറിൽ ആ കാര്യം ഉൾപ്പെടുത്താത്തതിന്റെ കാരണം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 24 | ,, | ഇപ്പോഴുള്ള സംവിധാനത്തിലൂടെ സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ്, IRTC-ക്ക് നൽകുന്ന OM ചാർജ്ജ് എന്നിവ സംബന്ധിച്ചും മാലിന്യം ശരിയായ രീതിയിൽ സംസ്കരിച്ചോയെന്നും കമ്പനിയുടെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണോയെന്നും പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. |

| | | | |
|---|---|---|---|
| 6 | 25 | തദ്ദേശസ്വയം ഭരണം (പെരിന്തൽമണ്ണ നഗരസഭ) | കരാറിലെ വ്യവസ്ഥകൾ കമ്പനി ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിച്ച് നഷ്ടപരിഹാരം ഈടാക്കുകയും ഇതേവരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന റിപ്പോർട്ട് നൽകുകയും കരാറിൽ മതിയായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുകയും പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 29 | തദ്ദേശസ്വയം ഭരണം (പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്) | ആർ.ഐ.ഡി.എഫ്. സ്കീം IX-ലും X-ലും അനുവദിച്ച പ്രവൃത്തികളിൽ ആരംഭിക്കാത്ത പ്രവൃത്തികൾക്കുള്ള ചെലവുതുക ഉയർത്താൻ സർക്കാർ അനുവദിച്ചപ്പോൾ 65 ശതമാനം പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിക്കുള്ള ചെലവുതുകയും ഉയർത്തിയെന്നും എ.ഡി.സി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനമനുസരിച്ചാണ് സർക്കാരിലേക്ക് ശിപാർശ ചെയ്തതെന്നും സമിതി മനസ്സിലാക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ചെലവ് തുക വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി, ജില്ലാ ഗ്രാമ വികസന ഏജൻസി, സർക്കാർ, നബാർഡ് എന്നിവയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തരനടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 35 | തദ്ദേശസ്വയംഭരണം (വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്) | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ അടങ്കൽ ചെലവിൽ ഒരു മാർക്കറ്റ് കെട്ടിടവും ടാക്സി സ്റ്റാന്റും സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യുന്നതിന് 40.29 ലക്ഷം രൂപ ചെലവാക്കുകയും പ്രസ്തുത സ്ഥലത്തേക്കുള്ള അപ്രോച്ച് റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം വാങ്ങാൻ 6.5 ലക്ഷം രൂപകൂടി ചെലവാക്കുകയും ചെയ്തിട്ടും 2012-13 വരെയും മാർക്കറ്റും ടാക്സി സ്റ്റാന്റും പ്രവർത്തനസജ്ജമാകാതിരുന്നതായി സമിതി മനസ്സിലാക്കുന്നു. ടാക്സി സ്റ്റാന്റ് ഭാഗികമായി പൂർത്തീകരിക്കാൻ 15 ലക്ഷം രൂപയും 2007-08-ൽ 13 ലക്ഷം രൂപയും ചെലവഴിച്ചുവെന്നും ഇനിയും 28 ലക്ഷം രൂപകൂടി ചെലവഴിച്ചാലേ ആയത് പൂർത്തീകരിക്കാനാകുവെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 36 | തദ്ദേശസ്വയം ഭരണം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം വിനിയോഗിച്ച് സൃഷ്ടിക്കുന്ന ആസ്തികൾ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ചുനടന്ന ചർച്ചാവേളയിൽ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത ഭൂമിയുടെ ആകെ വിസ്തൃതി, വിനിയോഗം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് നിരവധിപ്രാവശ്യം സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. സമിതി നിർദ്ദേശം നിരന്തരം അവഗണിക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം മേല്പറഞ്ഞ വിവരങ്ങൾ അടിയന്തരമായി സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 10 | 37 | തദ്ദേശസ്വയംഭരണം (വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്) | കൂടാതെ, ടാക്സി സ്റ്റാന്റ് യാർഡും മറ്റും പൂർത്തീകരിച്ചത് ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും കേരഫല സംസ്കരണ യൂണിറ്റ് പ്രവർത്തനസജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 39 | തദ്ദേശസ്വയം ഭരണം | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയും വിളയൂർ, ഓങ്ങല്ലൂർ, കാവലങ്ങാട്, നെല്ലിക്കുഴി, പിണ്ടിമന എന്നീ ഗ്രാമപഞ്ചായത്തുകളും പൊതു ടാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം യഥാസമയം അടയ്ക്കാത്തതിന്റെ ഫലമായി പലിശയും പിഴപ്പലിശയുമിനത്തിൽ 4.17 കോടി രൂപ അധികബാധ്യതയുണ്ടാകുവാൻ ഇടവന്നതായി സമിതി മനസ്സിലാക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തുകൾ നല്കാനുണ്ടായിരുന്ന കുടിശ്ശിക സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കാൻ തീരുമാനിക്കുകയും പരസ്പരധാരണ പ്രകാരം നിശ്ചയിച്ച തുക ഗ്രാമപഞ്ചായത്തുകളുടെ മെയിന്റനൻസ് ചാർജ്ജിൽനിന്ന് ഈടാക്കി ജല അതോറിറ്റിയിൽ അടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിന്മേലുള്ള അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

# അനുബന്ധം II

കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് അദ്ധ്യായം (4)-മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ന്യൂനതാ പരിഹാര നടപടി പത്രിക

| ഖണ്ഡിക നം. | | സ്വീകരിച്ച നടപടി |
|---|---|---|
| 4.3 | | തിടനാട് ഗ്രാമപഞ്ചായത്തിലെ മേൽപടി നിർമ്മാണത്തിന്റെ രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ തിടനാട് ഗ്രാമപഞ്ചായത്തിൽ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ആദായകരമായ വികസന പദ്ധതി ഇനത്തിൽ 7,92,800/- രൂപ ഗ്രാമവികസന ബോർഡിൽ നിന്നും 03.04.1991-ലെ 3145/D3/90/RDB നമ്പർ ഉത്തരവിൻ പ്രകാരം വായ്പ എടുത്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. 7.10% പലിശ നിരക്കിൽ 24 തുല്യ ഗഡുക്കളായിട്ടായിരുന്നു. വായ്പ തിരിച്ചടക്കേണ്ടിയിരുന്നത്. വായ്പയുടെ തിരിച്ചടവ് 30.3.94-ൽ ആരംഭിക്കുകയും 18.05.2011 വരെ 30,65,965/- രൂപ ഒടുക്കിയിട്ടുള്ളതുമാണ്. പഞ്ചായത്താഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം ബലക്ഷയം മൂലം പൊളിച്ച് തൽ സ്ഥാനത്ത് പുതിയ കെട്ടിടം പണിയുന്നതായിരുന്നു പ്രവർത്തി. 1993-94-ൽ ആരംഭിച്ച നിർമ്മാണ പ്രവർത്തി 1994-1995-ൽ പൂർത്തീകരിക്കുകയും ചെയ്തു. കെട്ടിട നിർമ്മാണത്തിന് 6,52,650/- രൂപയും 2.5% കണ്ടിജന്റ് ചാർജ്ജും 18.5% ഓവർഹെഡ് ചാർജ്ജും സഹിതം 7,92,800/- രൂപയായിരുന്നു അടക്കേണ്ടത്.<br>4/99 വരെ ഗഡുക്കളുടെ തിരിച്ചടവ് കൃത്യമായി നടന്നിരുന്നുവെങ്കിലും പിന്നീട് വീഴ്ച ഉണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| | | പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് ഗഡുക്കൾ യഥാസമയം അടക്കുന്നതിന് വിഴ്ചയുണ്ടായത്. കെട്ടിട നികുതിയും തൊഴിൽ നികുതിയും, നാമമാത്രമായ ലൈസൻസ് ഫീസും മാത്രമാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം. നിത്യനിദാന ചെലവുകൾക്കപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കേണ്ട അവസ്ഥയിലായിരുന്നു. ആസൂത്രണ പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ പണം കണ്ടെത്തേണ്ടി വന്നതിനാൽ തനത് ഫണ്ടിൽ നിന്നും ലോൺ തിരിച്ചടവിനായി തുക വകയിരുത്തുവാൻ കഴിഞ്ഞില്ല. പ്ലാൻ ഫണ്ടിൽ നിന്നും കൂടുതൽ തുക കണ്ടെത്തി വായ്പ തുക തിരിച്ചടക്കുവാനും സാധിച്ചില്ല.<br>പഞ്ചായത്തിന് വിട്ടുകിട്ടിയ കൃഷിഭവൻ, ആയുർവ്വേദാശുപത്രി, സാങ്കേതിക വിഭാഗം ആഫീസ്, വില്ലേജ് എക്സ്റ്റൻഷൻ ആഫിസ്, കുടുംബശ്രീ ആഫീസ് മുതലായ സ്ഥാപനങ്ങൾക്ക് ആവശ്യമായ ആഫീസ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതിനാൽ മേൽപടി സ്ഥാപനങ്ങൾ ഒരേ കെട്ടിടത്തിൽ തന്നെ ക്രമീകരിച്ചതുമൂലമാണ് മുറികൾ ഒഴിവ് വരാതിരുന്നത്. തന്നെയുമല്ല മേൽപടി കെട്ടിടം പണിതിരിക്കുന്നത് ടൗണിൽ നിന്നും വളരെ അകലെ ആയതിനാൽ ബിസിനസ്സ് സാധ്യതകൾ ഒന്നും ഇല്ലായിരുന്നു. തന്മൂലം വായ്പ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം വരുമാനദായക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ കഴിയാതെ വന്നതിനാൽ ആയതിൽ നിന്നും വരുമാനം ഒന്നും പഞ്ചായത്തിന് വന്നതുമില്ല.<br>31.05.2005 മുതൽ 18.5.2011 വരെ പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും 19,53,808/- രൂപ അടച്ചു. 2010-11 -ൽ ബഹു.സംസ്ഥാന ഗവൺമെന്റ് അവശേഷിക്കുന്ന വായ്പ തുക എഴുതി തള്ളുകയും കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്പ്മെന്റ് ബോർഡ് (DEFUNCT) ന്റെ 25.07.2011-ലെ |

| | | |
|---|---|---|
| | | 35/04/A3/RDB/91 നമ്പർ കത്ത് പ്രകാരം വായ്പ ക്ലോസ് ചെയ്യുകയും ചെയ്തു. |
| 4.4 | | നൃമാഹി ഗ്രാമപഞ്ചായത്ത് തീരുമാനമനുസരിച്ച് പ്രസിഡന്റിന്റെ 09.01.2005 -ലെ കത്ത് പ്രകാരം മണൽ വാരി ലേലം ചെയ്യുന്നതിന് അനുവാദത്തിന് കണ്ണൂർ ജില്ലാ കളക്ടറോട് അപേക്ഷിച്ചിരുന്നു. 21.01.2006-ലെ 11/06(3) നമ്പർ തീരുമാനപ്രകാരം മണൽ എത്രമാത്രം എടുക്കാമെന്നത് സംബന്ധിച്ച് പൂർണ്ണമായ വിവരം ശേഖരിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർ സി.ഡബ്ല്യു.ആർ.ഡി.എം കോഴിക്കോട് എന്നിവരോട് അപേക്ഷിക്കുകയും 10,000/-ക ഡിഡി ആയി അടയ്ക്കുകയും ചെയ്തു. അതുപ്രകാരം സി.ഡബ്ല്യു.ആർ.ഡി.എം ന്റെ 17.3.2006-ലെ പഠന റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് |

| | | |
|---|---|---|
| | | ലഭിക്കുകയുണ്ടായി.<br>"പ്രസ്തുത പഠന റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നുണ്ട്<br>" The entire operations of quarrying of river sand from the estuary portion of mahe river, transporting the quarried river sand by country boats to the Kadavus on the Mahe river Bank and the quality of quarried sand is poor and fit only for land filling purposes and not for any major construction activity. And the quarrying, of river sand deposited in the estuary portion allows easy and free movement of these boats to and from the sea for fishing activities."<br>കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ (അഭിപ്രായ കുറിപ്പ്) (നമ്പർ പി.എ 5.5781/2008 തീയതി 20.11.2008) പറയുന്നത് മാഹി പുഴയും അറബിക്കടലും കൂടി ചേരുന്ന അഴി മുഖത്ത് നിന്നുള്ള മണലാണ് വാരുന്നതെന്നും ഈ മണൽ ഗുണനിലവാരം കുറഞ്ഞതും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പറ്റാത്തതുമാണെന്നുമാണ്.<br>തുടർന്ന് ഈ പഞ്ചായത്തിൽ നിലവിലുള്ള 3 കടവുകളിലും (ഈ 3 കടവുകളും സ്വകാര്യ വ്യക്തികളുടെ സ്ഥലമാണ്). കടവ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി കണ്ണൂർ ജില്ലാ കളക്ടറോട് അപേക്ഷിക്കുകയും ജില്ലാ കളക്ടറുടെ 24.05.2007-ലെ എൽ 3/41502/2006 (6) നമ്പർ കത്ത് പ്രകാരം ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ 3 കടവുകൾക്ക് (കല്ലായി -1, കല്ലായി-2, ചള്ളയിൽ -1) 28.03.2007-ലെ ജില്ലാതല വിദഗ്ധ സമിതി മീറ്റിംഗിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും കടവ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശം ലഭിച്ചു. അതു പ്രകാരം പഞ്ചായത്ത് ഭരണ സമിതിയുടെ 31.5.2007-ലെ 91/2007 |

| | | |
|---|---|---|
| | | നമ്പർ തീരുമാനപ്രകാരം 08.06.2007-ന് കടവ് കമ്മിറ്റി രൂപീകരിച്ചു. അതിനു 17.10.2008-ലെ എൽ 3/3501/2008 നമ്പർ കത്ത് പ്രകാരം അംഗീകാരം നൽകിയതായി അറിയിപ്പ ലഭിച്ചു. പഞ്ചായത്തിന്റെ 29.10.2008-ലെ 436/2008-09 നമ്പർ തീരുമാന പ്രകാരം 3 ടൺ മിനി ലോറി വീതം മണൽ കടത്തുന്നതിനുള്ള അനുവാദത്തിനും മണൽ വില 720/- ക യായി അംഗീകരിച്ച് തരുന്നതിനും 10.11.2008-ന് കണ്ണൂർ ജില്ല കലക്ടർക്ക് അപേക്ഷ സമർപ്പിച്ചു. ജില്ലാ കലക്ടറുടെ എൽ 3-39018/06 നമ്പർ കത്ത് തീയതി 01.01.2009 പ്രകാരം വില്പന നടത്തേണ്ടുന്ന മണലിന്റെ അളവും, വിലയും നിശ്ചയിച്ചുകൊണ്ട് അനുവാദം ലഭിക്കുകയുണ്ടായി. അതുപ്രകാരം 05.01.2009 മുതൽ പാസ്സ് മുഖേനയാണ് മണൽ വില്പന നടത്തിവരുന്നത്. ഈ നടപടി ക്രമങ്ങൾ പൂർത്തിയാക്കി കിട്ടുന്നതിന് കണ്ണൂർ കലക്ടറേറ്റിൽ നിന്നും ഒട്ടേറെ സമയവും വേണ്ടി വന്നു.<br><br>അതിനിടയിൽ ഈ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ 21.01.2008 മുതൽ മേൽ ബോധിപ്പിച്ച കടവുകളിൽ മണൽ കൊണ്ടു വന്ന് വില്പന നടത്തുന്നത് നിരോധിച്ചുകൊണ്ട് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകുകയും, തടയുകയും ആയത് പ്രാവർത്തികമാക്കുകയും വിവരം തലശ്ശേരി, ചൊക്ലി പൊലീസ് അധികാരികളെ രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നു. ഈ നടപടി കണ്ണൂർ ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ നിയോഗിച്ച ഓഡിറ്റ് ഓഫീസർ നേരിട്ട് വന്ന് പരിശോധിക്കുകയും ബോധ്യപ്പെടുകയും ചെയ്തിരുന്നു.<br><br>ഓഡിറ്റ് റിപ്പോർട്ട് 4-4 ഖണ്ഡികയുടെ അവസാന ഭാഗത്ത് പറയുന്നത് ഈ വിവരം ഫെബ്രുവരിയിൽ ചൂണ്ടിക്കാട്ടിയപ്പോൾ ഗ്രാമ പഞ്ചായത്ത് തക്ക സമയത്ത് |

| | | |
|---|---|---|
| | | മണൽ വാരൽ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുകയോ ജില്ലാ വിദഗ് ദ്ധ സമിതി 2007 ഫെബ്രുവരിയിൽ കടവുകൾ അനുവദിച്ചശേഷം 22 മാസം കഴിഞ്ഞ് ലേലം വഴി മണൽ വില്പന നടത്തുകയോ ചെയ്യുകയുണ്ടായില്ല എന്നാണ്. അതു സംബന്ധിച്ച കാര്യത്തിൽ മേൽ ബോധിപ്പിച്ചതിനു പുറമേ താഴെ പറയുന്ന വിവരങ്ങൾ കൂടി സമർപ്പിക്കുന്നു.<br><br>1.കടവുകൾക്ക് വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിച്ച തീയതി - 28.02.2007<br><br>2. 31.05.2007-ലെ പഞ്ചായത്ത് തീരുമാന പ്രകാരം രൂപീകരിച്ച കടവ് കമ്മിറ്റികൾക്ക് അംഗീകാരത്തിനായ 15.10.2007-ന് അപേക്ഷിച്ചതു പ്രകാരം നടപടികൾ പൂർത്തിയാക്കി റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ 06.10.2008-ലെ യോഗ തീരുമാനം അനുസരിച്ച് സി.ഡബ്ല്യു.ആർ.ഡി.എം ന്റെ അംഗീകാരം ലഭിച്ച കടവുകൾക്ക് ജില്ലാ കളക്ടർ അംഗീകാരം നൽകിയ തീയതി - 17.10.2008<br><br>3. മണലിന്റെ അളവ്, വില നിശ്ചയിച്ച് മണൽ വിൽപന നടത്തുന്നതിന് 10.11.2008-ലെ അപേക്ഷയിൻമേൽ അനുമതി ലഭിച്ച തീയതി (അപേക്ഷാ നിർദ്ദേശാനുസരണം മാറ്റി സമർപ്പിച്ച തീയതി 27.11.2008) - 01.01.2009 |

| | | |
|---|---|---|
| | | 4. അതുപ്രകാരം പാസ്സ് മുഖേന മണൽ വില്പന ഇടങ്ങിയ തീയ്യതി - 05.01.2009<br><br>5. നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി മണൽ വിൽപന പൂർണ്ണമായി നിരോധിക്കുകയും തടയുകയും ചെയ്ത കാലയളവ് - 21.01.2008 മുതൽ 04.01.2009 വരെ |
| 4.5 | | സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം നിലവിൽ 26.11.2011-ലെ കൗൺസിൽ തീരുമാന പ്രകാരം പാലക്കാട് ഐ.ആർ.ടി.സിയെ ഏൽപ്പിച്ചിട്ടുള്ളതും 24.12.11-ന് നഗരസഭയും, ഐ.ആർ.ടി.സി യും ചേർന്ന് കരാറിൽ ഒപ്പ് വച്ചിട്ടുള്ളതുമാണ്. ആയതു പ്രകാരം 1.1.2012 മുതൽ ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. windrow composting technology ആണ് പ്ലാന്റിൽ ഉപയോഗിച്ചുവരുന്നത്. കൂടാതെ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും, തരംതിരിച്ച് ശേഖരിക്കുന്നതിനും നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലുള്ള ആശുപത്രികളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം ഇതിനകം 75% പൂർത്തികരിച്ചിട്ടുണ്ട്. മത്സ്യ മാർക്കറ്റിലെ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് മത്സ്യവ്യാപാരികളും സ്വന്തം ഉത്തരവാദിത്വത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടേയും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് നഗരസഭ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് പൊതുജനങ്ങളിലും കച്ചവടക്കാരിലും അവബോധം സൃഷ്ടിക്കുന്നതിന് യു.ഐ.ഡി.എസ്.എസ്.എം.റ്റി |

| | | |
|---|---|---|
| | | സ്കീമിൽ ഉൾപ്പെടുത്തി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| 4.6 | | പാറശ്ശാല ബ്ലോക്കിൽ തിരുപുറം ഗ്രാമ പഞ്ചായത്തിലെ "പഞ്ചിക്കാട്ടുകടവ് -- കറുമണൽ ബണ്ട് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് " 5.1.2004 ജി.ഒ (എം.എസ്) നം. 4/2004 എൽ.എസ്.ജി.ഡി പ്രകാരം 88.00 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 30.01.2004-ലെ 15-ാം നമ്പർ തീരുമാനപ്രകാരം 88 ലക്ഷം രൂപയുടെ ഭരണാനുമതിയും തിരുവനന്തപുരം ജില്ലാ ടെക്നിക്കൽ കമ്മിറ്റിയുടെ 21.2.2004-ലെ 142/ഇഇ/എൽ.എസ്.ജി.ഡി/03-04 പ്രകാരം 86 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചു. 16.3.2004-ലെ ടെണ്ടർ നോട്ടിഫിക്കേഷൻ പ്രകാരം ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി 2004 മാർച്ച് 16 ആയിരുന്നു. പ്രസ്തുത ടെണ്ടറിൽ കുറഞ്ഞ റേറ്റായ എസ്റ്റിമേറ്റിൽ നിന്നും 0.001% കുറച്ച് ടെണ്ടർ നൽകിയ ആർ. മധുസൂദനൻ നായർ, രമ്യാ നിവാസ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം എന്ന കോൺട്രാക്ടർക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തി അനുവദിക്കുകയും ടിയാൻ 19.04.2004-ൽ 2/04-05 നമ്പരായി കരാർ വയ്ക്കുകയും ചെയ്തു. എഗ്രിമെന്റ് കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട കാലാവധി 30.11.2004 ആയിരുന്നു. കരാറുകാരന്റെ ആവശ്യപ്രകാരം പൂർത്തീകരണ കാലാവധി |

30.3.2007 വരെ നീട്ടികൊടുത്തിട്ടുണ്ടായിരുന്നു.

റോഡിന്റെ അവസാന ഭാഗത്ത് (മാവിളക്കടവിനു സമീപം) ഉണ്ടായിരുന്ന ഒരു കെട്ടിടം പൊളിച്ചുമാറ്റി വേണമായിരുന്നു റോഡിന്റെ പണി ആരംഭിക്കുവാൻ. എന്നാൽ കെട്ടിട ഉടമസ്ഥന്റെ നിസ്സഹകരണം കാരണം പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുന്നതിന് താമസം നേരിട്ടു. ഇക്കാരണത്താൽ ഇനിഷ്യൽ ലവൽ എടുത്ത് പണി തുടങ്ങുന്നതിന് താമസം വന്നു. തിരുവനന്തപുരം ജില്ലാ ഗ്രാമ വികസന ഏജൻസി പ്രോജക്റ്റ് ഓഫീസറുടെ 03.01.2005-ലെ എ 5/3254/02/ഡി.ആർ.ഡി.എ നമ്പർ കത്ത് പ്രകാരമാണ് ഇനിഷ്യൻ ലെവൽസിന് അംഗീകാരം ലഭിച്ചത്. 2005 ജനുവരിയിൽ പണി ആരംഭിച്ചു.

പണി നടന്നുവരവെ നബാർഡിന്റെ 28.09..2005-ലെ DO.NB(Kerala)No.SPP/RIDF-40/2005-06-നമ്പർ കത്തിന്റെയും കോൺട്രാക്ടറുടെ വാക്കാലും കത്ത് മുഖാന്തിരവുമുള്ള ആവശ്യ പ്രകാരം 16-12-2005-ൽ കൂടിയ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 8-ാം നമ്പർ തീരുമാനപ്രകാരം ഈ പണിക്ക് കോസ്റ്റ് റിവിഷൻ നൽകാൻ തീരുമാനിച്ചു.

പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ 26.12.2005-ന് എഫ്:598/2002 കത്ത് പ്രകാരം റേറ്റ് എക്സ്കലേഷൻ പ്രൊപ്പോസൽ തിരുവനന്തപുരം ജില്ലാ ഗ്രാമ വികസന ഏജൻസി പ്രോജക്റ്റ് ഓഫീസർക്ക് അനന്തര നടപടികൾക്കായി സമർപ്പിച്ചു. പ്രസ്തുത കത്തിൽ ഈ പണിയുടെ അന്നുവരെയുള്ള പുരോഗതി വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

തിരുവനന്തപുരം ജില്ലാ ഗ്രാമ വികസന ഏജൻസി പ്രോജക്റ്റ് ഓഫീസറുടെ 29.06.2006 -ലെ എ 5/875/05 കത്ത് പ്രകാരം ഈ പണിക്ക് നബാർഡിൽ നിന്ന് 105.66 ലക്ഷം

| | | |
|---|---|---|
| | | രൂപയുടെ പുതുക്കിയ അനുമതി ലഭിച്ചതായി അറിയിക്കുകയും പ്രസ്തുത തുകയ്ക്ക് 23.12.2006-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 8-ാം നമ്പരായി ഭരണാനുമതി നൽകുകയും ജില്ലാ സാങ്കേതിക സമിതിയിൽ നിന്നും 105.66 ലക്ഷം രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി വാങ്ങുകയും 21.3.2007 -ന് പുതുക്കിയ കരാർ വെക്കുകയും ചെയ്തു. 19.12.2007-ൽ പൂർത്തിയാക്കിയ ഈ പ്രവൃത്തിയുടെ അവസാന ബിൽ തുക 1,04,09,127/- രൂപയാണ്. പഞ്ചായത്തിന് നഷ്ടപ്പെട്ടതി കരാറുകാരന് അധികതുക ലഭിക്കുന്നതിന് ശ്രമിച്ചിട്ടില്ല എന്ന് പഞ്ചായത്ത് റിപ്പോർട്ട് ചെയ്യുന്നു.<br>എന്നാൽ ഈ വിഷയത്തിന്മേൽ ഗ്രാമവികസന കമ്മീഷണർ നടത്തിയ അന്വേഷണത്തെ തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിൽ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം വ്യക്തമാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം നിശ്ചയിച്ച് റിപ്പോർട്ട് ചെയ്യാൻ സർക്കാർ നിർദ്ദേശം നല്കി. ഇതിന്മേലുള്ള തുടർ നടപടികൾ സർക്കാരിന്റെ 25426/എ.സി2/09/തസ്വഭവ നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. |
| 4.7 | | . ടാക്സി സ്റ്റാന്റിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 8 മീറ്റർ വീതിയിൽ ഉള്ള അപ്രോച്ച് റോഡ് 2011-ൽ പൂർത്തിയാക്കിയിട്ടുണ്ട്.<br>2. ടാക്സി സ്റ്റാന്റ് പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി യാർഡ്, ടാക്സി ഷെഡ് എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ ഫണ്ട് ലഭിക്കുന്നതിന് ബഹുമാനപ്പെട്ട തൃശ്ശൂർ എം.പി. ശ്രീ.പി.സി.ചാക്കോ അവർകളുടെ നിർദ്ദേശപ്രകാരം 2012 ഫെബ്രുവരി മാസത്തിൽ എം.പിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടാക്സി സ്റ്റാന്റ് |

| | | |
|---|---|---|
| | | പൂർണമായ തോതിൽ 2012-13 വർഷത്തിൽ തന്നെ പ്രവർത്തന സജ്ജമാക്കുന്നതാണ്. |
| 4.8 | | ഷൊർണ്ണൂർ നഗരസഭയുടെ സാമ്പത്തിക പ്രയാസം കാരണം 2004-05 , 2005-06 വർഷങ്ങളിലെ പൊതുടാപ്പുകളുടെ മാസം തോറുമുള്ള തുക അടയ്ക്കാൻ കഴിഞ്ഞിരുന്നില്ല. ശമ്പളം യഥാസമയം നല്കുന്നതിനും , ദൈനംദിന ചെലവുകൾക്കും നഗരസഭ സാമ്പത്തിക ക്ലേശം അനുഭവിച്ചിരുന്നു എന്നിരുന്നാലും തുക ലഭ്യമായ വേളകളിൽ അടച്ചിരുന്നു. 2005-06 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 2917080 രൂപ സർക്കാർ നേരിട്ട് പിടിച്ചെടുത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട് എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.<br>ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക പിന്നോക്ക അവസ്ഥയും കേരള വാട്ടർ അതോറിറ്റിയുടെ കൃത്യതയില്ലാത്ത വാട്ടർ ചാർജ്ജ് ഡിമാന്റ് തുകകളുമാണ് ആഡിറ്റ് പരാമർശത്തിന് ഇടയാക്കിയതെന്നും സംയുക്ത പരിശോധനയ്ക്ക് വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അവർ വിമുഖത കാണിക്കുന്നതായും എന്നാൽ നിലവിൽ വെള്ളക്കരം പ്രതിമാസം തന്നെ അടച്ചുവരുന്നതായും എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പാലക്കാട് ജില്ലയിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായി പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |

| | | |
|---|---|---|
| | | 21.08.09-ലെ സ.ഉ (സാധാ) നം.2153/2009/തസ്വഭവ പ്രകാരം 31.3.08 വരെയുള്ള കടിശ്ശിക മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, പഞ്ചായത്തുകൾ എന്നിവയ്ക്ക് സംയുക്തമായി 250 കോടി രൂപയായി സർക്കാർ നിജപ്പെടുത്തി. ആയതിൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിയ്ക്ക് നല്കേണ്ടത് 124 കോടി രൂപയാണ്. ആയത് 5 വർഷം കൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് നല്കണമെന്നാണ് ധാരണ. നാളിതുവരെ നല്കിയ തുക താഴെപ്പറയും പ്രകാരമാണ്.<br>2009-10 - 24,87,98,658 രൂപ.<br>2010-11 - 48,81,37,290 രൂപ<br>2011-12 - 43,44,32,271 രൂപ.<br><br>ബാക്കിയുള്ള തുക 2012-13-ൽ നല്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 31.3.08-ന് ശേഷമുള്ള തുക ഗ്രാമപഞ്ചായത്തുകൾ നേരിട്ട് അടയ്ക്കുകയാണ് ചെയ്യുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. |

V. SOBHA
Additional Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

അനുബന്ധം

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശ സ്ഥാപനത്തിന്റെ പേര് | വെള്ളക്കരം (പലിശയും പിഴയും ഒഴിച്ച്) | | ചാർജ്ജുചെയ്ത പലിശയും പിഴയും) | | | പിഴയുടെ ശതമാനം. | |
|---|---|---|---|---|---|---|---|---|
| | | 2004-05 | 2005-06 | 2004-05 | 2005-06 | ആകെ | 2004-05 | 2005-06 |
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 338.12 | 429.42 | 86.85 | 107.63 | 194.48 | 25.69 | 25.06 |
| 2 | വിളയൂർ ഗ്രാമപഞ്ചായത്ത് | 199.24 | 257.18 | 51.8 | 65.42 | 117.22 | 26 | 25.44 |
| 3 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 94.33 | 129.77 | 23.19 | 29.41 | 52.6 | 24.58 | 22.66 |
| 4 | കാവലങ്ങാട് ഗ്രാമപഞ്ചായത്ത് | 4.44 | 4.49 | 12.43 | 15.15 | 27.58 | 280 | 337.42 |
| 5 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 7.94 | 9.78 | 7.42 | 8.3 | 15.72 | 93.45 | 84.87 |
| 6 | പിണ്ടിമന ഗ്രാമപഞ്ചായത്ത് | 1.63 | 1.63 | 3.94 | 5 | 8.94 | 241.72 | 306.75 |
| ആകെ | | 645.7 | 832.27 | 185.63 | 230.91 | 416.54 | 28.75 | 27.75 |

കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 4.6-മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ന്യൂനതാ പരിഹാര നടപടി പത്രിക.

| ഖണ്ഡിക നം. | | സ്വീകരിച്ച നടപടി |
|---|---|---|
| 4.6 | | പാറശ്ശാല ബ്ലോക്കിലെ നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെയിൽ അനുവദിച്ച പഞ്ചിക്കാട്ടുകടവ് കറുമണൽ ബണ്ട് റോഡു പ്രവൃത്തിയുടെ നിരക്ക് വർദ്ധനവു സംബന്ധിച്ച് സർക്കാരിന് അധിക ബാധ്യതയുണ്ടാക്കിയതായി ആഡിറ്റ് പാരായിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഉദ്യോഗസ്ഥന്മാരിൽ നിന്നും മെമ്മോ നൽകി വിശദീകരണം തേടുകയുണ്ടായി.<br><br>പ്രസ്തുത മറുപടികളുടെ വെളിച്ചത്തിൽ തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറെക്കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പ്രവൃത്തിയുടെ നടത്തിപ്പും അന്വേഷണം നടത്തുകയുണ്ടായി. തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ നൽകിയ റിപ്പോർട്ടിൻ പ്രകാരമുള്ള വിശദീകരണം ചുവടെ കൊടുക്കുന്നു.<br><br>RIDF IX -ൽ ഉൾപ്പെടുത്തി 2003-04 വർഷം അനുവദിച്ച പ്രസ്തുത പ്രവൃത്തി 2004 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽ വന്ന ഷെഡ്യൂൾ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയ നടപടിയാണ് സി&എ.ജി ചൂണ്ടിക്കാട്ടിയത്. പ്രവൃത്തി ആരംഭിച്ച് 65% |

പൂർത്തിയാക്കിയ പ്രവൃത്തി ആയതിനാൽ പുതുക്കിയ നിരക്കിന് അർഹതയില്ലായിരുന്നുവെന്ന് ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് എടുക്കുന്നതിനായി നബാർഡും സർക്കാരും ആവശ്യപ്പെട്ട പ്രവൃത്തികളുടെ കൂട്ടത്തിൽ ഈ പ്രവൃത്തി കൂടി ഉൾപ്പെടുത്തിയിരുന്നു. ആയത് ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള വിശദമായ നിർദ്ദേശം പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രോജക്ട് ആഫീസർ മുഖേന കമ്മീഷണറേറ്റിൽ സമർപ്പിക്കുകയും ടി നിർദ്ദേശം സർക്കാരിലേക്ക് അയച്ചുകൊടുത്തുമാണ് പുതിയ എസ്റ്റിമേറ്റിന് അംഗീകാരം തേടിയത്. സർക്കാർ നിർദ്ദേശിച്ചതിൻ പ്രകാരം പ്രവൃത്തി ആരംഭിക്കാത്ത വർക്കുകൾക്ക് പുതുക്കിയ നിരക്കിന്റെ പ്രയോജനം നൽകി പ്രവൃത്തി ആരംഭിക്കുകയും നിശ്ചിത ശതമാനം പ്രവൃത്തി ചെയ്യുകയും ചെയ്ത കരാറുകാരന് പുതുക്കിയ നിരക്ക് നൽകാതിരിക്കുന്നതിൽ ന്യായീകരണമില്ല. ഈ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു എന്നതിനെ അതിന്റെ മെറിറ്റിൽ സമീപിക്കുകയാണെങ്കിൽ സർക്കാരിന് നഷ്ടമുണ്ടാക്കുന്നതിനേക്കാൾ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഈ നടപടി സഹായിച്ചിട്ടുണ്ടെന്നതാണ് ഈ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങിയ മറുപടികളിൽ വ്യക്തമാകുന്നത്. സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്ത് സമിതി ചർച്ച ചെയ്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിന് തീരുമാനമെടുത്തതും സർക്കാരിലേക്ക് അംഗീകാരത്തിന് ശുപാർശ നൽകിയതും , സർക്കാരും നബാർഡും അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. പ്രദേശത്തെ ജനങ്ങൾക്ക് പ്രവൃത്തിയുടെ പ്രയോജനം

| | | |
|---|---|---|
| | | അത് വഴി ലഭ്യമാക്കുന്നതിനും കഴിഞ്ഞു.<br><br>03.01.2005-ന് ഇനിഷ്യൽ ലെവൽ എടുത്ത് ആരംഭിച്ച 88 ലക്ഷം രൂപ അടങ്കൽ തുകയുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 2004 ഡിസംബറിലെ നിരക്ക് വെച്ച് പുതുക്കുകയും 1,11,50,000/-(ഒരു കോടി പതിനൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും സർക്കാരും നബാർഡും പ്രസ്തുത പ്രവൃത്തിക്ക് 1,05,66,000/- രൂപ അംഗീകാരം നൽകുകയും ചെയ്തു. തുടർന്ന് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങി കരാറ് വെച്ച് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്യുകയാണുണ്ടായത്. പാറശ്ശാലബ്ലോക്ക് പഞ്ചായത്ത് ഉത്തമ വിശ്വാസത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് എടുത്ത നടപടിക്രമത്തിന്റെ കാര്യം പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ സി&എ.ജി യുടെ ആഡിറ്റ് പാരയിൽ സൂചിപ്പിക്കുന്ന സാമ്പത്തിക നഷ്ടം സർക്കാരിനുണ്ടായി എന്നതിനെക്കാളുപരിയായി സർക്കാർ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനു സാധിച്ചു എന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരിക്കുന്നു. |

T.K.AJITHA KUMARI
Additional Secretar[illegible] ovt.
Local Self Govt. [illegible]
Govt. Secretariat
Thiruvananthapuram